# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD(22)1774/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്രം

സഹിതം)

4.ഓഫീസ് പകർപ്പ്

നമ്പർ: KSAPKD(22)1774/21 തീയ്യതി: 29/06/2022

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2020 മുതൽ 23-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 67 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 59 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 24-11-2021 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ:നസ്സീർ.ടി.കെ ഓഡിറ്റ് ഓഫീസർ
2.ശ്രീമതി:സുജാത.എ അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീ:ഹരിഗോവിന്ദ് കെ.സി അസി.ഓഡിറ്റ് ഓഫീസർ
4.ശ്രീമതി:താരീഖ്.എം.എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീ:കൃഷ്ണദാസ് എൻ.വി ഓഡഡിറ്റർ
6.ശ്രീമതി:ഷബ്ന ദാസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി:സുബൈദ എം.വി | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജൂഹി മരിയ ടോം | സെക്രട്ടറി | 01-04-2019 | 28-07-2019 |
| ശ്രീ.ജോബിൻ.എൻ.കെ | സെക്രട്ടറി | 29-07-2019 | 09-08-2019 |
| ശ്രീമതി.ജൂഹി മരിയ ടോം | സെക്രട്ടറി | 10-08-2019 | 27-09-2019 |
| ശ്രീ.സുഗതകുമാർ .എം | സെക്രട്ടറി | 28-09-2019 | 11-12-2019 |
| ശ്രീ.കെ.എം.ഹമീദ് | സെക്രട്ടറി | 12-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗിരിജ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജയകുമാർ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി .ബ്രിജിത്ത് | മുനിസിപ്പൽ എൻജിനിയർ | 01-04-2019 | 01-08-2019 |
| ശ്രീമതി .ഇന്ദു.പി.എം | മുനിസിപ്പൽ എൻജിനിയർ | 02-08-2019 | 13-08-2019 |
| ശ്രീ.സുനിൽകുമാർ | മുനിസിപ്പൽ എൻജിനിയർ | 14-08-2019 | 08-01-2020 |
| ശ്രീ.റഷിദ് .ഇ | മുനിസിപ്പൽ എൻജിനിയർ | 09-01-2020 | 02-02-2020 |
| ശ്രീമതി.ജസ്ലിൻ ലില്ലി | മുനിസിപ്പൽ എൻജിനിയർ | 03-02-2020 | 31-03-2020 |
| ശ്രീ.വിനോദ് കുമാർ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡെയ്സി. | ICDS സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ഡോ.പമീലി | MO (CHC) | 01-04-2019 | 31-03-2020 |
| ഡോ.ദിനേശൻ | MO(ISM) | 01-04-2019 | 31-03-2020 |
| ശ്രീ.അബൂബക്കർ | പ്രൊജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിസ്മൽ.ഇ.പി | ഹെൽത്ത് ഓഫീസർ | 01-04-2019 | 27-09-2019 |
| ശ്രീ.ജെയിംസ്.എസ്.പി | ഹെൽത്ത് ഓഫീസർ | 28-09-2019 | 20-11-2019 |
| ശ്രീ.നിജ്ജം .ജെ.എ | ഹെൽത്ത് ഓഫീസർ | 21-11-2019 | 31-03-2020 |

AUDIT REPORT NUMBER KSA PKD (22)/1774/21

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-1 |
| 2 | ബജറ്റ്- യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-1-1 |
| 3 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Krishnadas.N.V (Auditor, On 01-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 01-12-2021) | 1-2 |
| 5 | വാർഷിക കണക്ക് അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 16-12-2021) | 1-2-1 |
| 6 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 03-12-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം-2.18 കോടി സർക്കാർ ഗ്രാൻറ് ലാപ്സാക്കി.<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: Krishnadas.N.V (Auditor, On 01-12-2021) | 1-3-1 |
| 8 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: Krishnadas.N.V (Auditor, On 01-12-2021) | 1-4 |
| 9 | പദ്ധതി അവലോകനം-മോണിട്ടറിങ്ങ് കാര്യക്ഷമമല്ല<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: Krishnadas.N.V (Auditor, On 01-12-2021) | 1-4-1 |
| 10 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: K.C.Harigobind (Senior Grade Auditor, On 30-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-5 |
| 11 | അയ്യങ്കാളി പദ്ധതി-അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 30-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-5-1 |
| 12 | ക്ഷേമപദ്ധതികളുടെ വിവരം.<br>Written By: A. Sujatha (Asst. Audit Officer, On 01-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 02-12-2021) | 1-6 |
| 13 | ക്യാഷ് പരിശോധന<br>Written By: S.Sabna Das (Senior Grade Auditor, On 30-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 03-12-2021) | 1-7 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-12-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 30-11-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 02-03-2022) | 1-9 |
| 16 | വസ്തുനികുതി -പൊതു അവലോകനം<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 16-12-2021) | 1-10 |
| 17 | നികുതി നിർണ്ണയം- ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. | 1-11 |

| | | |
|---|---|---|
| | Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 16-12-2021) | |
| 18 | അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടികൾക്ക് മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 16-12-2021) | 1-11-1 |
| 19 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-1 |
| 21 | ട്യൂട്ടോറിയൽ കോളേജുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-2 |
| 22 | നഗരസഭയിലെ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-3 |
| 23 | പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-4 |
| 24 | വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-5 |
| 25 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-12-6 |
| 26 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-13 |
| 27 | ലൈസൻസ് ഫീസ്- കുറഞ്ഞ നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-13-1 |
| 28 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-13-2 |
| 29 | റേഷൻ ഡിപ്പോകൾ, കള്ള് ഷാപ്പുകൾ തുടങ്ങിയവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 01-03-2022) | 1-13-3 |
| 30 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-13-4 |
| 31 | കടമുറികളുടെ വാടക പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-14 |

| | | |
|---|---|---|
| 32 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കണം<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-14-1 |
| 33 | കടമുറികളുടെ നിലവിലെ സ്ഥിതി വരുമാന നഷ്ടത്തിന് കാരണമാകുന്നു<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-14-2 |
| 34 | വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 08-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 08-12-2021) | 1-14-3 |
| 35 | വിനോദ നികുതി- രേഖകൾ ഹാജരാക്കിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 06-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 09-12-2021) | 1-15 |
| 36 | നഗരസഭാ പരിധിയിലെ ടർഫുകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 09-12-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 09-12-2021) | 1-16 |
| 37 | താലൂക്ക് ആസ്ഥാന ആശുപത്രിയിലെ (CHC )ഡയാലിസിസ് യൂണിറ്റ് നടത്തിപ്പ് ചെലവുകൾ സംബന്ധിച്ച്<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 19-12-2021) | 1-17 |
| 38 | ക്വട്ടേഷൻ ക്ഷണിക്കാതെ സാധന സമാഹരണം- പ്രോക്യൂർമെന്റ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: Krishnadas.N.V (Auditor, On 19-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 19-12-2021) | 1-17-1 |
| 39 | ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസിന്റെ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയതിലെ ബാക്കി തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 19-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 19-12-2021) | 1-17-2 |
| 40 | താലൂക്ക് ആശുപത്രിയിലേക്ക് ലാപ്ടോപ്പ് പ്രൊജക്ടർ എന്നിവ വാങ്ങൽ- സർക്കാർ നിബന്ധന പാലിച്ചില്ല<br>Written By: Krishnadas.N.V (Auditor, On 19-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 19-12-2021) | 1-18 |
| 41 | താലൂക്ക് ഹോസ്പിറ്റൽ ഒ.പി കൗണ്ടർ കമ്പ്യൂട്ടറൈസേഷൻ മറ്റ് അനുബന്ധ പ്രവൃത്തികൾ-അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-19 |
| 42 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ - അർഹതയുള്ളവർക്ക് ആവശ്യമായ ആനുകൂല്യം നൽകിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 03-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-20 |
| 43 | മാലിന്യ സംസ്കരണ സംവിധാനം-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 03-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-12-2021) | 1-21 |
| 44 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 03-12-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 04-12-2021) | 1-22 |
| 45 | അഗതിരഹിത കേരളം- ഗുണഭോക്തൃ ലിസ്റ്റിൽ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 03-12-2021) | 1-23 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 29-06-2022) | |
| 46 | ആശ്രയ പദ്ധതി- എസ് സി ഫണ്ട് ചെലവഴിച്ചതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 03-12-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 03-03-2022) | 1-24 |
| 47 | അംഗനവാടികൾക്ക് അമൃതം ഫുഡ്സ്-വാങ്ങലുകളുടെ ബില്ലിൽ നിന്നും 2% ടി.ഡി.എസ്- ഈടാക്കിയിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 04-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-25 |
| 48 | മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-26 |
| 49 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-27 |
| 50 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - മാർഗ്ഗനിർദ്ദേശം പാലിക്കാതെ നിർവ്വഹണം നടത്തി<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-12-2021) | 1-28 |
| 51 | ആവശ്യമായ മൂല്യത്തിലുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് ചമച്ചില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-28-1 |
| 52 | ആവിഷ്ക്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 07-12-2021) | 1-29 |
| 53 | പ്രൊജക്ട് ആവിഷ്ക്കരിക്കാതെ ചെലവുകൾ നടത്തി<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-30 |
| 54 | നഗരസഭാ പെൻഷൻ ഫണ്ട് -നിലവിലെ സ്ഥിതി<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-31 |
| 55 | പി എം എ വൈ പദ്ധതി- അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-32 |
| 56 | ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-32-1 |
| 57 | പി എം എ വൈ പദ്ധതി- ഗഡുക്കൾ വിതരണം ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-32-2 |
| 58 | പി എം എ വൈ പദ്ധതി-അനുവദനീയമായതിലും അധികം തുക അനുവദിച്ചു<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-12-2021) | 1-32-3 |
| 59 | പി എം എ വൈ മാനദണ്ഡപ്രകാരം ഗഡുക്കൾ നൽകുന്നില്ല.<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 07-12-2021) | 1-32-4 |
| 60 | പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തിയിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 08-12-2021) | 1-33 |
| 61 | നഗരസഭാസെക്രട്ടറിയുടെ ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചറുകൾ വാങ്ങിയത്<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-34 |

| | | |
|---|---|---|
| 62 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന നടത്തി ക്രമീകരിക്കണം<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 02-03-2022) | 1-35 |
| 63 | തെരുവു വിളക്കുകളുടെ റിപ്പയർ – പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-36 |
| 64 | ദിവസ വേതന നിയമനം- നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 08-12-2021) | 1-37 |
| 65 | വാഹനങ്ങളുടെ ഉപയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: A. Sujatha (Asst. Audit Officer, On 07-12-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 08-12-2021) | 1-38 |
| 66 | AUEGSന് കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 05-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-39 |
| 67 | കുടുംബശ്രീ - അയൽ കൂട്ടങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട് - മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: K.C.Harigobind (Senior Grade Auditor, On 05-12-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 27-02-2022) | 1-40 |
| 68 | ധനവിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 05-12-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 27-02-2022) | 1-41 |
| 69 | തനത് ഫണ്ട് പ്രൊജക്ടുകൾ -ഫണ്ട് ലഭ്യത ഉറപ്പാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 07-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-42 |
| 70 | റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്യാതെ തുക അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 06-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-43 |
| 71 | മുനിസിപ്പൽ എൻജിനിയർ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല<br>Written By: T.K.Naseer (Audit Officer, On 06-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-44 |
| 72 | അഗതി രഹിത കേരളം - കിറ്റ് വിതരണം- ടി.ഡി.എസ്. അടവാക്കിയിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 05-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 09-12-2021) | 1-45 |
| 73 | വെറ്ററിനറിസർജ്ജൻ -ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കൽ - ക്രമ പ്രകാരമല്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 05-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-46 |
| 74 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 06-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-47 |
| 75 | മുനിസിപ്പൽ ഷോപിങ് കോംപ്ലക്സ് -ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 07-12-2021)<br>Last Updated By: Haseena KU (Computer Assistant, On 29-06-2022) | 1-48 |
| 76 | താലൂക്ക് ആശുപത്രി ടോയ്ലറ്റ് നിർമ്മാണം-അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 06-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-12-2021) | 1-49 |
| 77 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Naseer (Audit Officer, On 06-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 1-50 |
| 78 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 08-12-2021) | 1-51 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 29-06-2022) | |
| 79 | താലൂക്ക് ആസ്ഥാന ആശുപത്രി-(CHC) പാലിയേറ്റിവ് കെയർ പദ്ധതി -രേഖകൾ ഹാജരാക്കിയില്ല<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 09-12-2021) | 1-52 |
| 80 | താലൂക്ക് ആശുപത്രി HMC ഓഡിറ്റ് -വാർഷിക കണക്ക് സമർപ്പിക്കാത്തത് സംബന്ധിച്ച്<br>Written By: Krishnadas.N.V (Auditor, On 09-12-2021)<br>Last Updated By: Krishnadas.N.V (Auditor, On 09-12-2021) | 1-53 |
| 81 | തെരുവ് വിളക്ക് മാറ്റിസ്ഥാപിക്കൽ -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 10-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-12-2021) | 1-54 |
| 82 | "പകൽ വീട് " ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 09-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-12-2021) | 1-55 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്യാതെ തുക അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 09-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | അക്കൗണ്ട് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: A. Sujatha (Asst. Audit Officer, On 03-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 02-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 07-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 26-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-03-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 26-11-2021)<br>Last Updated By: T.K.Naseer (Audit Officer, On 03-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

31.1.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.3.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 35722998 |
| പ്രതീക്ഷിത വരവ് | 413781000 |
| ആകെ | 449503998 |
| ചെലവ് | 421769804 |
| നീക്കിയിരിപ്പ് | 27734194 |

## 1-1-1 ബജറ്റ്- യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

നഗരസഭയുടെ ബജറ്റ് വരവ് ചെലവ് വിവരവും യഥാർത്ഥ വരവ് ചെലവ് വിവരവും ചുവടെ ചേർക്കുന്നു

| ബജറ്റ് | | യഥാർത്ഥ വരവ് ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 35722998 | മുന്നിരിപ്പ് | 48654774 |
| വരവ് | 413781000 | വരവ് | 196561528 |
| ആകെ | 449503998 | ആകെ | 245216302 |
| ചെലവ് | 421769804 | ചെലവ് | 212953488 |
| നീക്കിയിരിപ്പ് | 27734194 | നീക്കിയിരിപ്പ് | 32262814 |

യഥാർത്ഥ്യ ബോദ്ധ്യത്തോടുകൂടിയ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനുള്ള ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

## 1-2 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48654774 |
| വരവ് | 196167535 |
| ആകെ | 245216302 |
| ചെലവ് | 212953488 |
| നീക്കിയിരിപ്പ് | 32262814 |

## 1-2-1 വാർഷിക കണക്ക് അപാകതകൾ

വാർഷികകണക്ക് അപാകതകൾ

1)മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട്- യിൽ നിന്നും പഞ്ച: ആസ്തി സംരക്ഷണത്തിനായി ഉപയോഗിച്ചിരിക്കുന്നു.

2019-20 ലെ വാർഷിക കണക്കിലെ കൂടിയുള്ള തുക B3 Capital Contribution തുകയേക്കാൾ അധികരിച്ചതായി (26 ലക്ഷം രൂപ) കാണുന്നു. ആയതിനാൽ മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട്- എന്നിവയിൽ നിന്നും ആസ്തി സൃഷ്ടിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. B11(a) Capital Work In Progress ഒന്നും തന്നെ കാണിച്ചിട്ടില്ല.

| | |
|---|---|
| B3 Capital Contribution | 83823896 |
| B11 Fixed Assets +<br>B11(a) Capital Work In Progress<br>(86499383+0) | 86499383 |
| മെയിന്റനൻസ് ഗ്രാന്റ്/ തനത് ഫണ്ട്-<br>എന്നിവയിൽ നിന്നും ആസ്തി സൃഷ്ടിച്ചിട്ടുള്ള തുക | 2675487 |

2) B6 Unsecured Loan B16 Prepaid Expenses യിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

| | |
|---|---|
| B5 Secured Loan | 92186667 |
| B6 Unsecured Loan | 216700 |
| B5 Secured Loan + B6 Unsecured Loan | 92403367 |
| B16 Prepaid Expenses | 92186667 |

B6 Unsecured Loan ഹെഡ്ഡിൽ എന്തൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമല്ല. B5, B6 എന്നിവയുടെ സംയുക്ത തുക B16 യിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ KURDFC Loan വരവ്, ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

3) ഡെപ്പോസിറ്റ് റിസീവഡ് ലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

2019-20 ലെ വാർഷിക കണക്കിൽ B7 Deposits Received തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 505340 രൂപയാണ്. യഥാർത്ഥത്തിൽ B7 Deposits Received തുകയായി വരേണ്ട തുക 610430 രൂപയാണ്.

| | |
|---|---|
| 2019-20 ലെ വാർഷിക കണക്കിൽ<br>B7 Deposits Received | 505340 |
| 2018-19 ലെ വാർഷിക കണക്കിൽ<br>B7 Deposits Received | 590320 |
| 2019-20 RP27 (Receipts) | 113422 |
| 2019-20 RP27 (Payments) | 93312 |
| 2018-19 B7 Deposits Received +<br>2019-20 RP34 (Receipts) -<br>2019-20 RP34 (Payments) | 610430 |
| വ്യത്യാസം (കുറവ്) | 105090 |

Rent Deposit- ഹെഡിൽ ബാലൻസ് തുക- 106360 ഉള്ളതായി ബോധ്യപ്പെട്ട ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

4) ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക തിരികെ നൽകി ബാലൻസ് ഷീറ്റ് ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ 155540 രൂപ അവശേഷിക്കുന്നുണ്ട്. മുൻ വർഷങ്ങളിലെ വിവിധ പ്രോജക്ടുകളുടെ ഭാഗമായി വരവ് വന്നിട്ടുള്ള ഗുണഭോക്തൃ വിഹിതം ഇനത്തിലെ തുകയാണെന്നും ആയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ലെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഏതെല്ലാം പ്രോജക്ടിലെ ഏതെല്ലാം ഗുണഭോക്താക്കളാണ് ഗുണഭോക്തൃ വിഹിതം ഇനത്തിലെ തുക അടവാക്കിയിട്ടുള്ളത് എന്ന് കണ്ടെത്തുകയും പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളിലേത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

5) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പ് കൃത്യതയില്ല. അബ്സ്ട്രാക്ട് എഴുതുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

എ) വാർഷിക കണക്ക് പരിശോധിച്ചതിൽ B18 യിൽ ഉള്ള ലോൺസ്/ അഡ്വാൻസസ്/ ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. രജിസ്റ്ററിൽ കൃത്യമായ

രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ. വാർഷിക കണക്കിലെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Festival Advance To Employees | (3000) |
| Miscellaneous Advance | 85200 |
| Advance To Suppliers- Advance Paid- Municipal Fund | 6848 |
| Advance To Implementing Agencies-Municipal Fund | 1377500 |
| Advance To Projects- Municipal Fund | 169230 |
| Other Advances- Scheme Expenditure | 1578996 |
| Electricity Deposits | 72489 |
| Water Deposits | 110000 |
| TOTAL | 3397263 |

ബി) Advance To Implementing Agencies-Municipal Fund, Other Advances- Scheme Expenditure എന്നീ ഹെഡ്ഡുകളിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

സി) അഡ്വാൻസ് രജിസ്റ്റർ പേജ് നമ്പർ 8 യിൽ സി. മോഹനൻ എന്നിവർക്ക് 15000 രൂപ ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചതിൽ 9000 രൂപ മാത്രമാണ് തിരിച്ചടവാക്കിയിട്ടുള്ളതായി കാണുന്നത്. തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. തുക അടവാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

6) 08-11-2019 ൽ വൗച്ചർ നമ്പർ 21700423 പ്രകാരം കേരളോത്സവം നടത്തിപ്പിന് വേണ്ടി സജീഷ് മോൻ (എച്ച് ഐ) കൈപ്പറ്റിയ 75000/- തുക ക്രമീകരിച്ചിട്ടില്ല.

7) 13-06-2019 ൽ വൗച്ചർ നമ്പർ 21900192 പ്രകാരം സ്റ്റോർ റൂം റിപ്പയർ നടത്തിപ്പിന് വേണ്ടി ദേവദാസ് (എ ഇ) കൈപ്പറ്റിയ 30000/- തുക ക്രമീകരിച്ചിട്ടില്ല.

8)Audit Recovery Register, Loan Register എന്നിവ സൂക്ഷിച്ചിട്ടില്ല.

9) ദാരിദ്ര്യ ലഘൂകരണ ഫണ്ട്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ മുനസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.

നഗരസഭകളിൽ വാർഷിക റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണ ഫണ്ടിനത്തിൽ ബജറ്റിൽ നീക്കി വെക്കുന്നുണ്ടെങ്കിലും വാർഷിക കണക്കിൽ പ്രത്യേക ഇനമായി ചേർക്കുന്നില്ല.

വാർഷിക കണക്ക് പരിശോധിച്ചതിൽ വിവിധ നികുതികളുടെ വരവിൽ നിന്നും 2% തുക ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന ഹെഡിൽ കൊണ്ടു വരികയോ ഈ ആവശ്യത്തിനായി തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

വാർഷിക കണക്കിൽ PMAY, AUEGS എന്നീ ഇനങ്ങളിൽ നിന്നുള്ള വരവ് ചെലവുകളാണ് പ്രസ്തുത ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യുന്നത്. ആയവയ്ക്ക് പ്രത്യേക അക്കൗണ്ട് ഹെഡ്ഡ് രൂപീകരിച്ചിട്ടില്ലാത്തതിനാലാണ് ദാരിദ്ര്യ ലഘൂകരണം എന്ന ഹെഡ്ഡിൽ പോസ്റ്റ് ചെയ്യുന്നതിന് ഇടയാക്കുന്നത് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ഇക്കാര്യത്തിനായി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തേണ്ടതിനും വിവിധ നികുതികളുടെ വരവിൽ നിന്നും 2% തുക ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ട് എന്ന ഹെഡിൽ കൊണ്ടു വരികയും ഈ ആവശ്യത്തിനായി തുക ചെലവഴിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10) സാംഖ്യ സോഫ്റ്റ്‌വെയറിൽ ആവശ്യമായ അക്കൗണ്ട് ഹെഡ്ഡുകൾ ഉൾപ്പെടുത്തേണ്ടതാണ്.

സാംഖ്യ സോഫ്റ്റ്‌വെയറിൽ ചുവടെ ചേർത്തിട്ടുള്ള അക്കൗണ്ട് ഹെഡ്ഡുകൾ ഉൾപ്പെടുത്താത്തതിനാൽ

ആയവ തെറ്റായ അക്കൗണ്ട് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് ഇടയാക്കുന്നുണ്ട്.

| അക്കൗണ്ട് ഹെഡ്ഡുകൾ | റിമാർക്ക്സ് |
|---|---|
| PMAY Life | നിലവിൽ Poverty Alleviation എന്ന അക്കൗണ്ട് ഹെഡ്ഡിലാണ് വരവ് ചെലവ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. |
| Ayyankali Urban Employment Guarantee Scheme (AUEGS) | |
| ജീവനക്കാരുടെ Medical Reimbursement | നിലവിൽ Pay & Allowances- Unpaid Salary എന്ന ഹെഡ്ഡിലാണ് അക്കൗണ്ട് ചെയ്യപ്പെട്ടുവരുന്നത്. |
| Salary Arrears | |
| Grade Arrears | |
| Increment Arrears | |
| Pay Revision Arrears | |

11) ഡി.സി.ബി സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ് കളക്ഷൻ ബാലൻസ് രേഖപ്പെടുത്തി സാക്ഷ്പ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വരവിനങ്ങളുടെ തുകകളിലെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഡിമാന്റ് കളക്ഷൻ ബാലൻസ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

12)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

13)ക്യാഷ് ബുക്ക് പ്രിന്റ്എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

14) അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

15) ഡി.സി.ബി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം :4/19-20 /26.11.2021 ) നൽകിയ മറുപടി തൃപ്തികരമല്ല.

1-3 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 13528135 | 13528135 | 13520225 | 7910 |
| പ്ലാൻ (SCP) | 0 | 11730666 | 11730666 | 6252500 | 5478166 |
| പ്ലാൻ (TSP) | 0 | 462666 | 462666 | 75000 | 387666 |
| CFC (BASIC ) | 0 | 13650000 | 13650000 | 5256863 | 8393137 |
| റോഡ് (MG) | 0 | 7643000 | 7643000 | 1358457 | 6284543 |
| റോഡിതരം (MG) | 0 | 3884000 | 3884000 | 2562399 | 1321601 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| NULM-വിജയാ ബാങ്ക് | 320689 | 3489609 | 3810298 | 2090477 | 1719821 |
| PMAY-വിജയാ ബാങ്ക് | 16550100 | 10869666 | 125244766 | 874726 | 124370040 |
| TSC-ICICI ബാങ്ക് | 5763603 | 1590 | 5765193 | 5369638 | 395555 |
| AUEGS-Axis Bank-അയ്യങ്കാളി പദ്ധതി | 230198 | 9842450 | 10072648 | 10068699 | 39419 |

സസ്ഥാനാവിഷ്കാവിഷ്കതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാർഡ് തലശുചിത്വം- | | 290000 | 290000 | 0 | 290000 |

## 1-3-1 ഫണ്ട് വിനിയോഗം-2.18 കോടി സർക്കാർ ഗ്രാൻറ് ലാപ്സാക്കി.

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 13528135 | 13528135 | 13520225 | 7910 | 99% |
| പ്ലാൻ (SCP) | 0 | 11730666 | 11730666 | 6252500 | 5478166 | 53% |
| പ്ലാൻ (TSP) | 0 | 462666 | 462666 | 75000 | 387666 | 16% |
| CFC (BASIC ) | 0 | 13650000 | 13650000 | 5256863 | 8393137 | 39% |
| റോഡ് (MG) | 0 | 7643000 | 7643000 | 1358457 | 6284543 | 18% |
| റോഡിതരം (MG) | 0 | 3884000 | 3884000 | 2562399 | 1321601 | 66% |
| ആകെ | 0 | 50898467 | 50898467 | 29025444 | 21873023 | 57% |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 385 | 128936367 | 167 | 56052608 | - | 218 | 43% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 43% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 44% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-4-1 പദ്ധതി അവലോകനം-മോണിട്ടറിങ്ങ് കാര്യക്ഷമമല്ല

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 2 | 957250 | 533080 | 56% |
| വെറ്റിനറി സർജ്ജൻ | 5 | 4 | 1 | 4260000 | 636250 | 15% |
| MO (PHC) | 10 | 8 | 2 | 4399604 | 3102908 | 71% |
| MO (AYUR) | 2 | 1 | 1 | 850000 | 800000 | 94% |
| പ്രൊജക്ട് ഓഫീസർ | 12 | 7 | 5 | 11350550 | 4959948 | 44% |
| ICDS | 4 | 2 | 2 | 4602000 | 3338483 | 73% |
| സെക്രട്ടറി | 25 | 15 | 10 | 23461257 | 17896838 | 76% |
| മുനി.എൻജിനിയർ | 299 | 113 | 186 | 68724483 | 21508048 | 31% |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 11 | 6 | 5 | 4859020 | 2907428 | 60% |
| ഹെൽത്ത് ഓഫീസർ | 8 | 4 | 4 | 5472203 | 369625 | 68% |
| ആകെ | 385 | 167 | 218 | 128936367 | 56052608 | 43.4% |

ആകെഅടങ്കലിന്റ 50% പോലും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.പൂർണ്ണതോതിലുള്ള ഫണ്ട് വിനിയോഗം സാദ്ധ്യമാക്കാൻ മോണിട്ടറിങ്ങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 230196 | 546427 | 776623 | 737204 | 39419 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 9361495 | 9361495 | 9361495 | |
| ആകെ | 230196 | 9907922 | 10138118 | 10098699 | 39419 |

## 1-5-1 അയ്യങ്കാളി പദ്ധതി-അവലോകനം

പദ്ധതി പ്രകാരം നഗര മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈട് നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. .2019-20 വർഷത്തെ പദ്ധതി നടത്തിപ്പ രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1548 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1528 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 452 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 68760000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 68 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 68 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | ഇല്ല |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 9542555 |
| 9 | തൻവർഷത്തെ ചെലവ് | 10068699 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 880 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 880 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 51 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | - |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 2 |

2019-20 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവർത്തികൾ അയ്യങ്കാളി പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയിട്ടില്ല

ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 15% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. 1548 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 880 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ നൽകാൻ കഴിഞ്ഞത്. തൊഴിൽ നൽകാൻ സാധിച്ചത് 51% ന് മാത്രമാണ്. മുൻവർഷത്തിൽ 100 തൊഴിൽദിനങ്ങൾ ലഭ്യമായിട്ടുള്ള കുടംബങ്ങളുടെ എണ്ണം 0 ആയിരുന്നത് തൻവർഷം 51 % ആയി വർദ്ധിച്ചിട്ടുണ്ട്. ആയത് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകിയ കുടംബങ്ങളുടെ എണ്ണത്തിന്റെ 4% മാത്രമാണ്. പദ്ധതി ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികളുടെ വിവരം.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 865800 | 305 |
| 2 | വിധവാ പെൻഷൻ | 7752000 | 2623 |
| 3 | വാർദ്ധക്യകാല പെൻഷൻ | 10706100 | 3536 |
| 4 | വികലാംഗ പെൻഷൻ | 1567500 | 520 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 456000 | 77 |
| 6 | വിവാഹധനസഹായം | 210000 | 7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.20201 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68981/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-10-2015 | 1-9-2015 മുതൽ 30-9-2015 വരെ | 18-11-2015 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-11-2018 മുതൽ 27-11-2018 വരെ | 2013-14 മുതൽ 2016-17 വരെ | 4-1-2019 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പരാമർശ്ശങ്ങൾ സംബന്ധിച്ച് റക്റ്റിഫിക്കേഷൻ നടപടികൾ നഗരസഭ സ്വീകരിച്ച് വരുന്നുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ പ്രധാന രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. നഗരസഭാ പരിധിയിൽ തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പൂർണ്ണമായ വിവരം കാണിക്കുന്ന ഡാറ്റ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. ലൈസൻസ് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശം ഉൾപ്പെടുന്ന ഡാറ്റ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. ബജറ്റ് തയ്യാറാക്കിയിട്ടുള്ള മുനിസിപ്പാലിറ്റി നിയമം അനുസരിച്ചാണോ എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

6. ലേലം, വാടക എന്നിവയുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിച്ചിട്ടില്ല.

7. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുമുള്ള ശ്രമം ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.

8. തൻവർഷം തനത് ഫണ്ടിൽ നിന്നും വികസന പ്രവൃത്തികൾക്കായി 4.68 കോടി രൂപ വകയിരുത്തുകയും 1.81 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ നഗരസഭയുടെ സാമ്പത്തിക സ്ഥിതി കൂടി വിലയിരുത്തേണ്ടതാണ്.

രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണെന്ന് ഉന്നതോദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വാർഷിക കണക്ക് സമർപ്പിക്കുന്നതിനു മുമ്പായി അതാത് സെക്ഷനുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കേണ്ടതാണ്.

നഗരസഭയായി മാറി 6 വർഷം കഴിഞ്ഞിട്ടും പൂർണ്ണമായ അർത്ഥത്തിലുള്ള നഗരസഭാ സംവിധാനം നിലവിൽ വന്നിട്ടില്ല. ഭരണം, റവന്യൂ, ആരോഗ്യം, എഞ്ചിനിയറിംഗ് മുതലായ വിഭാഗങ്ങളിലെ ജീവനക്കാരുടെ കുറവും ജോലിഭാരവും ഫണ്ടിന്റെ ലഭ്യതക്കുറവും ആയതിന്റെ കാരണമായി വിലയിരുത്തുന്നു. തനത് വരുമാനത്തിൽ അടുത്തിടെയുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കാര്യക്ഷമമായ മാർഗ്ഗങ്ങൾ നഗരസഭ ആലോചിക്കേണ്ടതുണ്ട്. നഗരസഭയുടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

ആസ്തി സംരക്ഷണം കാര്യക്ഷമമല്ല .(ഉദാ- മുനിസിപ്പൽ ഷോപിങ് കോപ്ലക്സ് നാളിതുവരെയായി ലക്ഷ്യം കൈവരിച്ചിട്ടില്ല,പകൽ വീട് ഉപയോഗ്യപ്രദമല്ലാത്ത അവസ്ഥയിലാണ്,പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് നാളിതുവരെയായി ഉപയോഗിച്ചിട്ടില്ല. “പകൽ വീട് ”തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 വസ്തുനികുതി -പൊതു അവലോകനം

### (1)വസ്തുനികുതി- അവലോകനം

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി ഇനത്തിലെ നികുതി നിർണ്ണയം, നികുതി പിരിവിലെ കാര്യക്ഷമത, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ (സ.ഉ.(അ) നമ്പർ 100/2013/ തസ്വഭവ തിയതി 15.03.2013), സർക്കാർ ഉത്തരവ് (സാധാ) നം. 540/2019/ത.സ്വ.ഭ.വ തീയതി 06.03.19 എന്നിവ അനുസരിച്ച് മണ്ണാർക്കാട് നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി, പ്രായോഗിക പ്രശ്നങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

### 1-10-1-നഗരസഭയിലെ കെട്ടിടങ്ങളുടെ വിവരം

നിലവിൽ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉപയോഗം | ആകെ |
|---|---|---|

| | | |
|---|---|---|
| 1 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 209 |
| 2 | ആരാധനാലയങ്ങൾ | 0 |
| 3 | ആശുപത്രികൾ | 36 |
| 4 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 21 |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 95 |
| 6 | കാർഷികാവശ്യത്തിനുള്ളവ | |
| 7 | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ | 242 |
| 8 | പാർപ്പിടാവശ്യം | 10818 |
| 9 | മൊബൈൽ ടെലഫോൺ ടവർ | 11 |
| 10 | റിസോർട്ടുകൾ | 0 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 24 |
| 12 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 416 |
| 13 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറൻ്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 6589 |
| 14 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 101 |
| 15 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 16 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെൻ്റർ, ഫ്യുവൽ സ്റ്റേഷൻ | 44 |
| 17 | വിദ്യാഭ്യാസാവശ്യം | 77 |
| 18 | അമ്യൂസ്മെൻറ് പാർക്ക് | 0 |
| 19 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 0 |
| 20 | റസിഡൻഷ്യൽ ഹോം സ്റ്റേ | 0 |
| ആകെ | | 18687 |

നഗരസഭയിൽ നാളിതുവരെ 242 കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി യിട്ടുണ്ട്. പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ കൂടുതൽ കെട്ടിടങ്ങൾ ഒഴിവാകുവാൻ സാധ്യതയുണ്ട്. ക്രമ നമ്പർ 19, 20 ആയി നൽകിയിട്ടുള്ള ഉപയോഗക്രമങ്ങൾക്ക് സർക്കാർ വിജ്ഞാപനങ്ങൾ പ്രകാരം നിരക്ക് നിശ്ചയിച്ച് നാളിതുവരെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-10-2-ബജറ്റിലെ പ്രതീക്ഷിത വരവ്, സാംഖ്യയിലെ വരവ്, സഞ്ചയയിലെ വരവ്

2019-20 വർഷത്തെ ബജറ്റിലെ പ്രതീക്ഷിത വരവ്, സാംഖ്യയിലെ വരവ്, സഞ്ചയ എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പടുന്നില്ല.

ഉദാ. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് – 2 കോടി രൂപ

വാർഷിക കണക്ക് പ്രകാരം വരവ് – 1 കോടി രൂപ

സഞ്ചയ പ്രകാരം വരവ് - സഞ്ചയയിൽ വരവ് തുകകൾ രേഖപ്പെടുത്തുന്ന പ്രക്രിയ തുടരുന്നതിനാൽ വിവരം ലഭ്യമല്ല.

വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻ്റ് കളക്ഷൻ ബാലൻസ് വിവരം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 1,24,85,862* | 77,33,240 | 49,97,692 |
| കുടിശ്ശിക | | 28,55,707 | 1,10,18,994 |
| ആകെ | 1,24,85,862 | 1,05,88,947 | 1,60,16,686 |

* വാർഷിക കണക്കിൽ കറന്റ് ഡിമാന്റ്, അരിയർ ഡിമാന്റ് എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡിസിബി സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വിവരം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 12745494 | 7733240 | 5012254 |
| കുടിശ്ശിക | 3283980 | 2855707 | 428273 |
| ആകെ | 16029474 | 10588947 | 5440527 |

1-10-3: പഞ്ചവത്സര റിവിഷനം പൂർത്തീകരിക്കാത്തതിനാൽ വസ്തു നികുതി നഷ്ടം

എ) വസ്തു നികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 233 ഉപവകുപ്പ് 4 പ്രകാരം കൗൺസിൽ ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾക്കും അവ പ്രാബല്യത്തിൽ വരുന്ന തിയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും തുടർന്ന് അടുത്ത അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ ഉണ്ടാകേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 25% വർദ്ധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

നഗരസഭകളിൽ 2011 ലെ വസ്തു നികുതി ചട്ടങ്ങൾ പ്രകാരമുള്ള നികുതി പരിഷ്കരണത്തിന്റെ പ്രാബല്യത്തിയതി സ.ഉ(സാധാ)നം.540/19/തസ്വഭവ തിയതി 6-3-2019 പ്രകാരം 1-4-2016ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച് 31-3-2021 ന് പൂർത്തീകരിക്കേണ്ടതാണ്.

എന്നാൽ മണ്ണാർക്കാട് നഗരസഭയിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. സഞ്ചയയിലെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സാംഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-10-4: വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ

വസ്തുനികുതി നിർണ്ണയത്തിനായി മണ്ണാർക്കാട് നഗരസഭയെ 29 വാർഡുകളാക്കി വിഭജിച്ചിരിക്കുന്നു. നഗരസഭയുടെ കത്ത് മുഖേന നികുതി നിരക്ക്, മേഖല എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനവും പ്രകാരം പുതുക്കിയ നികുതിനിരക്ക് നിശ്ചയിച്ചുകൊണ്ടും നഗരസഭയുടെ വിവിധ പ്രദേശങ്ങളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്നുമേഖലകളായി തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണ പ്രവർത്തനങ്ങൾക്കായി നഗരസഭയിൽ 29 വാർഡുകളിൽ 13 വാർഡുകളുടെ നമ്പറിംഗ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. 16 വാർഡുകളുടെ നമ്പറിംഗും 29 വാർഡുകളുടെയും ഡാറ്റാ എൻട്രി പ്രവർത്തികളും അവശേഷിക്കുന്നുണ്ട്. ആയതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 10 ഉദ്യോഗാർത്ഥികളെ 3 മാസത്തേയ്ക്ക് നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഉത്തരവാകുകയും പ്രകാരം പാലക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ ലിസ്റ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിൽ വൻ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ആയതിനാൽ പാലക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമായ ഉദ്യോഗാർത്ഥികളെ നിയമാനുസൃതം തെരഞ്ഞെടുത്ത് വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കേണ്ടതാണ്.

1-10-5:പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നിരക്ക് നിശ്ചയിച്ചിട്ടില്ല.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ

വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് കൗൺസിൽ തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതിനാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നു.

എസ്.ആർ.ഒ നം. 958/2019 (സ.ഉ(അ)നം.82/2019/തസ്വഭവ തിയതി 18-11-2019 പ്രകാരം എം.എസ്.എം.ഇ പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും എസ്.ആർ.ഒ നം. 574/2020 (സ.ഉ(അ)നം.52/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള അടിസ്ഥാന നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്ക് നിശ്ചയിക്കുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

മണ്ണാർക്കാട് നഗരസഭയിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരം നിരക്ക് നിശ്ചയിച്ച് നാളിതുവരെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഉള്ള കെട്ടിടങ്ങളെ നിലവിൽ മറ്റ് ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കുന്നത്.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 30 | 40 |
| 2 | റസിഡൻഷ്യൽ ഹോംസ്റ്റേ | 15 | 35 |

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മേൽ പട്ടികപ്പെടുത്തിയ ഉപയോഗക്രമങ്ങൾ നിയമാനുസൃതം നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10-6:സഞ്ചയയിലെ ഡാറ്റാ എൻട്രിയുടേയും പ്യൂരിഫിക്കേഷന്റേയും പൂർത്തീകരണം

സ.ഉ(സാധാ)നം.540/19/തസ്വഭവ തിയതി 6-3-2019 പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവര ശേഖരണം ഫോറം 6 ൽ ഡാറ്റാ എൻട്രി, വേരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1-10-7: കുടിശ്ശിക വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല- 1.6 കോടി രൂപ വസ്തു നികുതി കുടിശ്ശിക

2019-20 ലെ വാർഷിക കണക്ക് പ്രകാരം 1,60,16,686 രൂപ വസ്തു നികുതി കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തത് വർഷംതോറും കുടിശ്ശിക വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്.

കുടിശ്ശിക ഈടാക്കുന്നതിനായി നഗരസഭ റവന്യൂ റിക്കവറി നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച വ്യവഹാരങ്ങളൊന്നും നിലവിലില്ല എന്ന് ബോധ്യപ്പെട്ടു. കുടിശ്ശികക്കാർക്ക് ബിൽ കളക്ടർമാർ മുഖേന ഡിമാന്റ് നോട്ടീസ് മാത്രമാണ് നൽകുന്നത്. ആർ.ആർ നടപടികൾ സ്വീകരിക്കുന്നതിനായി കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രി പൂർത്തീകരിക്കാത്തതിനാൽ കുടിശ്ശികയുടെ കൃത്യമായ വിവരം ലഭ്യമാകാത്തത് തുടർനടപടികൾക്ക് തടസ്സം നേരിടുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപരമായ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

1-10-8:ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

എ) സേവന ഉപനികുതി

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു നഗരസഭാ പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%

അതത് പ്രദേശത്തെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പ് ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്ജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്.

2. ജല വിതരണം - 3%

തെരുവു ടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങൾക്കുള്ള ചെലവുകൾക്ക്. നിലവിൽ 5 ലക്ഷം രൂപ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് കുടിശ്ശികയായുണ്ട്.

3. തെരുവു വിളക്കുകൾ - 2%

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്

4. ഡ്രൈനേജ് - 1%

അഴുക്കുചാൽ ഉൾപ്പെടെയുള്ള ചെലവുകൾക്ക്

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ നഗരസഭയ്ക്ക് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

2. സേവനങ്ങൾ നൽകുന്നതിനുള്ള റവന്യൂ ചെലവ്

2019-20 വർഷത്തെ വാർഷിക കണക്ക് പ്രകാരം സേവനങ്ങൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ശുചിത്വ പരിപാലനം<br>(Miscellaneous Admin. Expenses) | 20 ലക്ഷം |
| ജല വിതരണം (Water Charges) | 12.38 ലക്ഷം |
| തെരുവു വിളക്കുകൾ (Electricity Charges) | 56.22 ലക്ഷം |
| ഡ്രൈനേജ് | 1.5 ലക്ഷം |
| ആകെ | 90.1 ലക്ഷം |

കൂടാതെ 2019-20 വർഷത്തിൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി 21 ലക്ഷം രൂപ ചെലവഴിച്ച് വിവിധ വാർഡുകളിലായി 21 മിനി മാസ്റ്റുകൾ സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുമുണ്ട്. പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയിനത്തിൽ നിലവിൽ 6 ലക്ഷം രൂപ ജല അതോറിറ്റിക്ക് അടവാക്കുവാനുണ്ട്. (ഫയൽ നം.

എ1/14772/17 )

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, തെരുവ് വിളക്കുകൾ കത്തിക്കുക, പൊതു ടാപ്പുകളുടെ വെള്ളക്കരം എന്നിവയ്ക്ക് ഫണ്ട് കണ്ടെത്തുവാൻ പ്രയാസം അനുഭവിക്കുന്ന നഗരസഭ, സേവന ഉപനികുതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ നഗരസഭ തീരുമാനിക്കുന്ന മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

1-10-8: ഔട്ട് ഡോർ കളക്ഷൻ സംവിധാനം പ്രവർത്തിക്കുന്നില്ല.

നഗരസഭയിൽ ഔട്ട് ഡോർ കളക്ഷൻ സംവിധാനം പ്രവർത്തിക്കുന്നില്ല. നഗരസഭയിലെ സാക്ഷനഡ് സ്ട്രങ്ത്, ഓഫീസ് ഓർഡർ എന്നിവ പ്രകാരം എല്ലാ ക്ലർക്ക്, സീനിയർ ക്ലർക്കുമാർക്കും സെക്ഷനുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 5 ക്ലർക്ക്, 5 സീനിയർ ക്ലർക്ക് മാത്രമാണ് ഉള്ളത് അവർക്ക് ഔട്ട് ഡോർ ബിൽ കളക്ടറായും ചുമതല നൽകുമ്പോൾ സെക്ഷനുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാലാണ് ഔട്ട് ഡോർ കളക്ഷന് സാധിക്കാത്തത് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.
നഗരസഭയിൽ വസ്തുനികുതി കുടിശ്ശിക 1.6 കോടി രൂപയുള്ളത് പിരിച്ചെടുക്കുന്നതിന് ഔട്ട് ഡോർ കളക്ഷൻ സംവിധാനം പ്രവർത്തിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യത്തിനുള്ള സ്റ്റാഫുകൾ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ കളക്ഷനു വേണ്ടി POS (Point Of Sale) മെഷീനുകൾ ഏർപ്പെടുത്തുന്നതിനായി ജി.ഒ(ആർടി)നം.687/13/എൽഎസ്ജിഡി തിയതി 19-03-2013 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ റവന്യൂ കളക്ഷന് ഇ-പോസ് മെഷീൻ ഉപയോഗപ്പെടുത്താവുന്നതുമാണ്.

ഓഡിറ്റ് നിർദ്ദേശം

- വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതും സഞ്ചയയിലെ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സാംഖ്യയുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
- ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികളിൽ പൂർത്തീകരിക്കേണ്ടതാണ്. പ്യൂരിഫിക്കേഷന് മുമ്പും ശേഷവുമുള്ള ഡാറ്റയുടെ വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്ന തരത്തിൽ സഞ്ചയയിൽ ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.
- സഞ്ചയ-സാംഖ്യ സംയോജനം പൂർത്തീകരിച്ച് ഓൺലൈൻ ആയി നികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
- കുടിശ്ശിക വരുത്തുന്നവർക്കെതിരെയുള്ള നിയമപരമായ നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ആവശ്യത്തിനുള്ള സ്റ്റാഫുകൾ ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അനധികൃത മൊബൈൽ ടവർ ഉടമകൾക്കെതിരെ നടപടി എടുക്കേണ്ടതും വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നതിലുള്ള തർക്കങ്ങൾ പരിഹരിക്കുവാൻ സർക്കാർ ഇടപെടൽ ഉണ്ടാക്കുന്നതിന് കത്ത് നൽകാവുന്നതാണ്.
- സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രൈനേജ് എന്നീ മേഖലകളിൽ നൽകുന്ന സേവനത്തിനായി ചട്ടം അനുശാസിക്കുന്ന പ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- ഔട്ട് ഡോർ കളക്ഷൻ സംവിധാനം പ്രവർത്തിപ്പിക്കുകയും ആയതിലേക്ക് ഇലക്ട്രോണിക്

സംവിധാനം ഏർപ്പെടുത്തി ക്രമക്കേടുകൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഡാറ്റയുടെ സുരക്ഷിതത്വവും രഹസ്യ സ്വഭാവവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്ഥാപനതലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണവും മറുപടിയും

വസ്തുനികുതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് എൻക്വയറി നം:49/19-20/3.2.21)

1-11 നികുതി നിർണ്ണയം- ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്ററിനു മുകളിൽ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 80 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ചുവടെ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള 100 ച.മീറ്ററിനു മുകളിലുള്ള കെട്ടിടത്തെ 100 ച.മീറ്റർ വരെ വിസ്തീർണമുള്ളവയുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നികുതി കുറവ് ഈടാക്കുന്നതിനും പ്രതിവർഷം 2 ലക്ഷം രൂപ നികുതി നഷ്ടത്തിനും ഇടയാക്കുന്നുണ്ട്.

| ക്രമ നം. | വാർഡ്നം./ കെട്ടിടനം., | തറ വിസ്തീർണം (ച.മീ) | ഉപയോഗതരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തുനികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 1/798 മുഹമ്മദാലി | 109.72 | അടിസ്ഥാന വസ്തുനികുതി- 109.72 X50 =5486<br><br>ഇളവ് =1097.2 വർദ്ധനവ് = 1097.2<br><br>വസ്തുനികുതി = 5486 ലൈബ്രറി സെസ്സ് = 275<br>ആകെ = 5761 | അടിസ്ഥാന വസ്തുനികുതി- 109.72X80 =8777.6<br><br>ഇളവ് =1755.52 വർദ്ധനവ് = 1755.52<br><br>വസ്തുനികുതി = 8778 ലൈബ്രറി സെസ്സ് = 439<br>ആകെ = 9217 | 3456 |
| 2 | 1/509 നൗഷാദ് ബാബു & അബൂബക്കർ | 280 | അടിസ്ഥാന വസ്തുനികുതി- 280x50 =14000<br>ഇളവ് =2800 വർദ്ധനവ് = 2800<br>വസ്തുനികുതി = 14000<br>ലൈബ്രറി സെസ്സ് = 700<br>ആകെ = 14700 | അടിസ്ഥാന വസ്തുനികുതി- 280x80 = 22400<br><br>ഇളവ് =4480 വർദ്ധനവ് = 4480<br><br>വസ്തുനികുതി = 22400 ലൈബ്രറി സെസ്സ് = 1120<br>ആകെ = 23520 | 8820 |
| 3 | 2/250 ദിലീപ് ജോസ് ടി & | 173.43 | അടിസ്ഥാന വസ്തുനികുതി- 173.43X50 | അടിസ്ഥാന വസ്തുനികുതി- 173.43x80 | 5940 |

| | | | | | |
|---|---|---|---|---|---|
| | മനമോൾ മാത്യൂ | | =8671.5<br>ഇളവ് =0<br>വർദ്ധനവ് = 1734.3<br>വസ്തുനികുതി = 10996<br>ലൈബ്രറി സെസ്സ് = 550<br>ആകെ = 11546 | = 13877.6<br>ഇളവ് =0<br>വർദ്ധനവ് = 2775.52<br>വസ്തുനികുതി = 16653<br>ലൈബ്രറി സെസ്സ് = 833<br>ആകെ = 17486 | |
| 4 | 2/284<br>എം.വി തോമസ് | 358.4 | അടിസ്ഥാന വസ്തുനികുതി- 358.4X50 =17920<br>ഇളവ് =0<br>വർദ്ധനവ് = 6272<br>വസ്തുനികുതി = 24192<br>ലൈബ്രറി സെസ്സ് =1210<br>ആകെ = 25402 | അടിസ്ഥാന വസ്തുനികുതി- 358.4x80 = 28672<br>ഇളവ് =0<br>വർദ്ധനവ് = 10035.2<br>വസ്തുനികുതി =38707<br>ലൈബ്രറി സെസ്സ് =1936<br>ആകെ = 38900 | 13498 |
| 5 | 2/656<br>എം.വി തോമസ് | 358.4 | അടിസ്ഥാന വസ്തുനികുതി- 358.4X50 =17920<br>ഇളവ് =0<br>വർദ്ധനവ് = 6272<br>വസ്തുനികുതി = 24192<br>ലൈബ്രറി സെസ്സ് =1210<br>ആകെ = 25402 | അടിസ്ഥാന വസ്തുനികുതി- 358.4x80 = 28672<br>ഇളവ് =0<br>വർദ്ധനവ് = 10035.2<br>വസ്തുനികുതി =38707<br>ലൈബ്രറി സെസ്സ് =1936<br>ആകെ = 38900 | 13498 |
| 6 | 2/657<br>എം.വി തോമസ് | 358.4 | അടിസ്ഥാന വസ്തുനികുതി- 358.4X50 =17920<br>ഇളവ് =1209.6<br>വർദ്ധനവ് = 6272<br>വസ്തുനികുതി = 22983<br>ലൈബ്രറി സെസ്സ് =1150<br>ആകെ = 24133 | അടിസ്ഥാന വസ്തുനികുതി- 358.4x80 = 28672<br>ഇളവ് =1935.36<br>വർദ്ധനവ് = 10035.2<br>വസ്തുനികുതി =36772<br>ലൈബ്രറി സെസ്സ് =1839<br>ആകെ = 38611 | 14478 |

| | | | | | |
|---|---|---|---|---|---|
| 7 | 2/658 എം.വി തോമസ് | 358.4 | അടിസ്ഥാന വസ്തുനികുതി- 358.4X50 =17920 ഇളവ് =2419.2 വർദ്ധനവ് = 6272 വസ്തുനികുതി = 21773 ലൈബ്രറി സെസ്സ് =1089 ആകെ = 22862 | അടിസ്ഥാന വസ്തുനികുതി- 358.4x80 = 28672 ഇളവ് =3870.72 വർദ്ധനവ് = 10035.2 വസ്തുനികുതി =34837 ലൈബ്രറി സെസ്സ് =1742 ആകെ = 36579 | 13717 |
| 8 | 2/659 എം.വി തോമസ് | 358.4 | അടിസ്ഥാന വസ്തുനികുതി- 358.4X50 =17920 ഇളവ് =3628.8 വർദ്ധനവ് = 6272 വസ്തുനികുതി = 20564 ലൈബ്രറി സെസ്സ് =1029 ആകെ = 21593 | അടിസ്ഥാന വസ്തുനികുതി- 358.4x80 = 28672 ഇളവ് =5806.08 വർദ്ധനവ് = 10035.2 വസ്തുനികുതി =32901.12 ലൈബ്രറി സെസ്സ് =1645 ആകെ = 34546 | 12953 |
| 9 | 2/942 ഇന്ദുസ് | 150 | അടിസ്ഥാന വസ്തുനികുതി- 150X50 =7500 ഇളവ് =0 വർദ്ധനവ് = 1500 വസ്തുനികുതി = 9000 ലൈബ്രറി സെസ്സ് = 450 ആകെ = 9450 | അടിസ്ഥാന വസ്തുനികുതി- 150x80 = 12000 ഇളവ് =0 വർദ്ധനവ് =2400 വസ്തുനികുതി =14400 ലൈബ്രറി സെസ്സ് =720 ആകെ = 15120 | 5670 |
| 10 | 2/1127 ഉമറുൾ ഫാറൂഖ് | 107.9 | അടിസ്ഥാന വസ്തുനികുതി- 107.9X50 =5396.5 ഇളവ് =539.65 വർദ്ധനവ് = 1079.3 വസ്തുനികുതി = 5937 ലൈബ്രറി സെസ്സ് = 297 ആകെ = 6234 | അടിസ്ഥാന വസ്തുനികുതി- 107.9x80 = 8632 ഇളവ് =863.2 വർദ്ധനവ് = 1726.4 വസ്തുനികുതി =9495.2 ലൈബ്രറി സെസ്സ് = 474.76 ആകെ = 9021 | 2787 |
| 11 | 2/1137 എം.വി തോമസ് | 111 | അടിസ്ഥാന വസ്തുനികുതി- 111X50 =5550 ഇളവ് =0 വർദ്ധനവ് = 1110 വസ്തുനികുതി = 6660 ലൈബ്രറി | അടിസ്ഥാന വസ്തുനികുതി- 111x80 = 8880 ഇളവ് =0 വർദ്ധനവ് = 1776 വസ്തുനികുതി =10656 ലൈബ്രറി സെസ്സ് | 4196 |

| | | | | | |
|---|---|---|---|---|---|
| | | | സെസ്സ് = 333<br>ആകെ = 6993 | = 533<br>ആകെ = 11189 | |
| 12 | 9/4<br>ഹാജറ, സുധ, സഫിയ, ററല | 192 | അടിസ്ഥാന വസ്തുനികുതി- 192X50 =9600<br>ഇളവ് =960<br>വർദ്ധനവ് = 1920<br>വസ്തുനികുതി = 10560<br>ലൈബ്രറി സെസ്സ് = 528<br>ആകെ = 11088 | അടിസ്ഥാന വസ്തുനികുതി- 192x80 = 15360<br>ഇളവ് =1536<br>വർദ്ധനവ് = 3072<br>വസ്തുനികുതി =16896<br>ലൈബ്രറി സെസ്സ് = 845<br>ആകെ = 17741 | 6653 |
| 13 | 9/506<br>ഉണ്ണീൻ ഹാജി | 208 | അടിസ്ഥാന വസ്തുനികുതി- 208X50 =10400<br>ഇളവ് =0<br>വർദ്ധനവ് = 2080<br>വസ്തുനികുതി = 12480<br>ലൈബ്രറി സെസ്സ് = 624<br>ആകെ = 13104 | അടിസ്ഥാന വസ്തുനികുതി- 208x80 = 16640<br>ഇളവ് =0<br>വർദ്ധനവ് = 3328<br>വസ്തുനികുതി =19968<br>ലൈബ്രറി സെസ്സ് = 999<br>ആകെ = 20967 | 7863 |
| 14 | 11/730<br>അബ്ദുൾ നാസർ | 150 | അടിസ്ഥാന വസ്തുനികുതി- 150X50 =7500<br>ഇളവ് =1500<br>വർദ്ധനവ് = 1500<br>വസ്തുനികുതി = 7500<br>ലൈബ്രറി സെസ്സ് = 375<br>ആകെ = 7875 | അടിസ്ഥാന വസ്തുനികുതി- 150x80 = 12000<br>ഇളവ് =2400<br>വർദ്ധനവ് = 2400<br>വസ്തുനികുതി =12000<br>ലൈബ്രറി സെസ്സ് =600<br>ആകെ = 12600 | 4725 |
| 15 | 11/944<br>വി.എം മുഹമ്മദ് ബഷീർ & ററല ബഷീർ | 250 | അടിസ്ഥാന വസ്തുനികുതി- 250X50 =12500<br>ഇളവ് =0<br>വർദ്ധനവ് = 2500<br>വസ്തുനികുതി = 15000<br>ലൈബ്രറി സെസ്സ് = 750<br>ആകെ = 15750 | അടിസ്ഥാന വസ്തുനികുതി- 250x80 = 20000<br>ഇളവ് =0<br>വർദ്ധനവ് = 4000<br>വസ്തുനികുതി =24000<br>ലൈബ്രറി സെസ്സ് = 1200<br>ആകെ = 25200 | 9450 |
| 16 | 11/971<br>വി.എം മുഹമ്മദ് ബഷീർ & ററല ബഷീർ | 250 | അടിസ്ഥാന വസ്തുനികുതി- 250X50 =12500<br>ഇളവ് =750<br>വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി- 250x80 = 20000<br>ഇളവ് =1200<br>വർദ്ധനവ് = 4000 | 8977 |

| | | | | | |
|---|---|---|---|---|---|
| | | | =2500<br>വസ്തുനികുതി = 14250<br>ലൈബ്രറി സെസ്സ് = 713<br>ആകെ = 14963 | വസ്തുനികുതി =22800<br>ലൈബ്രറി സെസ്സ് = 1140<br>ആകെ = 23940 | |
| 17 | 12/781<br>അബ്ദു ഹാജി . അബ്ബാസ് ഹാജി മുതൽ പേർ | 103.36 | അടിസ്ഥാന വസ്തുനികുതി-103.36X50 =5168<br>ഇളവ് =0<br>വർദ്ധനവ് = 1033.6<br>വസ്തുനികുതി = 6202<br>ലൈബ്രറി സെസ്സ് = 311<br>ആകെ = 6513 | അടിസ്ഥാന വസ്തുനികുതി-103.36x80 = 8268.8<br>ഇളവ് =0<br>വർദ്ധനവ് = 1653.76<br>വസ്തുനികുതി =9923<br>ലൈബ്രറി സെസ്സ് = 496<br>ആകെ = 10419 | 3906 |
| 18 | 12/782<br>അബ്ദു ഹാജി .അബ്ബാസ് ഹാജി മുതൽ പേർ | 166.36 | അടിസ്ഥാന വസ്തുനികുതി-166.36X50 =8318<br>ഇളവ് =1247.7<br>വർദ്ധനവ് = 0<br>വസ്തുനികുതി = 7070.3<br>ലൈബ്രറി സെസ്സ് = 354<br>ആകെ = 7424 | അടിസ്ഥാന വസ്തുനികുതി-166.36x80 = 13308.8<br>ഇളവ് =1996.32<br>വർദ്ധനവ് = 0<br>വസ്തുനികുതി =11312<br>ലൈബ്രറി സെസ്സ് = 566<br>ആകെ = 11878 | 4454 |
| 19 | 12/783<br>അബ്ദു ഹാജി .അബ്ബാസ് ഹാജി മുതൽ പേർ | 102 | അടിസ്ഥാന വസ്തുനികുതി-102X50 =5100<br>ഇളവ് =612<br>വർദ്ധനവ് = 1020<br>വസ്തുനികുതി = 5508<br>ലൈബ്രറി സെസ്സ് = 276<br>ആകെ = 5784 | അടിസ്ഥാന വസ്തുനികുതി-102x80 = 8160<br>ഇളവ് =980<br>വർദ്ധനവ് = 1632<br>വസ്തുനികുതി =8812<br>ലൈബ്രറി സെസ്സ് = 441<br>ആകെ = 9253 | 3469 |
| 20 | 12/785<br>അബ്ദു ഹാജി .അബ്ബാസ് ഹാജി മുതൽ പേർ | 103.36 | അടിസ്ഥാന വസ്തുനികുതി-103.36X50 =5168<br>ഇളവ് =1240.4<br>വർദ്ധനവ് = 1033.6<br>വസ്തുനികുതി = 4962<br>ലൈബ്രറി സെസ്സ് = 249<br>ആകെ = 5211 | അടിസ്ഥാന വസ്തുനികുതി-103.36x80 = 8269<br>ഇളവ് =1985<br>വർദ്ധനവ് = 1654<br>വസ്തുനികുതി =7938<br>ലൈബ്രറി സെസ്സ് = 397<br>ആകെ =8335 | 3124 |
| 21 | 12/786<br>അബ്ദു ഹാജി .അബ്ബാസ് | 166.36 | അടിസ്ഥാന വസ്തുനികുതി-166.36X50 | അടിസ്ഥാന വസ്തുനികുതി-166.36x80 | 5344 |

| | | | | | |
|---|---|---|---|---|---|
| | ഹാജി മുതൽ പേർ | | =8318<br>ഇളവ് =1497.3<br>വർദ്ധനവ് = 1663.6<br>വസ്തുനികുതി = 8485<br>ലൈബ്രറി സെസ്സ് = 425<br>ആകെ = 8910 | = 13309<br>ഇളവ് =2396<br>വർദ്ധനവ് = 2662<br>വസ്തുനികുതി =13575<br>ലൈബ്രറി സെസ്സ് = 679<br>ആകെ =14254 | |
| 22 | 12/787<br>അബ്ദു ഹാജി .അബ്ബാസ് ഹാജി മുതൽ പേർ | 102 | അടിസ്ഥാന വസ്തുനികുതി-102X50 =5100<br>ഇളവ് = 0<br>വർദ്ധനവ് = 1020<br>വസ്തുനികുതി = 6120<br>ലൈബ്രറി സെസ്സ് = 306<br>ആകെ = 6426 | അടിസ്ഥാന വസ്തുനികുതി-102x80 = 8160<br>ഇളവ് =0<br>വർദ്ധനവ് = 1632<br>വസ്തുനികുതി =9792<br>ലൈബ്രറി സെസ്സ് = 490<br>ആകെ =10282 | 3856 |
| 23 | 12/817<br>അബ്ദു ഹാജി മുതൽ പേർ | 213 | അടിസ്ഥാന വസ്തുനികുതി-213X50 =10650<br>ഇളവ് = 0<br>വർദ്ധനവ് = 2130<br>വസ്തുനികുതി = 12780<br>ലൈബ്രറി സെസ്സ് = 639<br>ആകെ = 13419 | അടിസ്ഥാന വസ്തുനികുതി-213x80 = 17040<br>ഇളവ് =0<br>വർദ്ധനവ് = 3408<br>വസ്തുനികുതി =20448<br>ലൈബ്രറി സെസ്സ് = 1023<br>ആകെ =21471 | 8052 |
| 24 | 13/828<br>പോൾ പി ജോർജ്ജ് | 175.83 | അടിസ്ഥാന വസ്തുനികുതി-175.83X50 =8791.5<br>ഇളവ് = 879.15<br>വർദ്ധനവ് = 1758.3<br>വസ്തുനികുതി = 9696<br>ലൈബ്രറി സെസ്സ് = 485<br>ആകെ = 10181 | അടിസ്ഥാന വസ്തുനികുതി-175.83x80 = 14066.4<br>ഇളവ് =1406.64<br>വർദ്ധനവ് = 2813.28<br>വസ്തുനികുതി =15473<br>ലൈബ്രറി സെസ്സ് = 774<br>ആകെ =16247 | 6066 |

| | | | | | |
|---|---|---|---|---|---|
| 25 | 13/829<br>പോൾ പി ജോർജ്ജ് | 175.83 | അടിസ്ഥാന വസ്തുനികുതി- 175.83X50 =8791.5<br>ഇളവ് = 509<br>വർദ്ധനവ് = 1758.3<br>വസ്തുനികുതി = 9671<br>ലൈബ്രറി സെസ്സ് = 484<br>ആകെ = 10155 | അടിസ്ഥാന വസ്തുനികുതി- 175.83x80 = 14066.4<br>ഇളവ് =844<br>വർദ്ധനവ് = 2813.28<br>വസ്തുനികുതി =16880<br>ലൈബ്രറി സെസ്സ് = 844<br>ആകെ =17724 | 7569<br>182521 |
| 26 | 14/737<br>മൊയ്തു കെ | 109.82 | അടിസ്ഥാന വസ്തുനികുതി- 109.82X50 =5491<br>ഇളവ് = 549.1<br>വർദ്ധനവ് = 0<br>വസ്തുനികുതി = 4942<br>ലൈബ്രറി സെസ്സ് = 248<br>ആകെ = 5190 | അടിസ്ഥാന വസ്തുനികുതി- 109.82x80 = 8785.6<br>ഇളവ് =878.56<br>വർദ്ധനവ് = 0<br>വസ്തുനികുതി = 7907<br>ലൈബ്രറി സെസ്സ് = 396<br>ആകെ = 8303 | 3113 |
| 27 | 16/725<br>ഉമ്മർ പി | 274.85 | അടിസ്ഥാന വസ്തുനികുതി- 274.85X50 =13742.5<br>ഇളവ് = 1374.25<br>വർദ്ധനവ് = 2748.5<br>വസ്തുനികുതി = 15117<br>ലൈബ്രറി സെസ്സ് = 756<br>ആകെ = 15873 | അടിസ്ഥാന വസ്തുനികുതി- 274.85x80 = 21988<br>ഇളവ് =2198.8<br>വർദ്ധനവ് = 4397.6<br>വസ്തുനികുതി = 24187<br>ലൈബ്രറി സെസ്സ് = 1210<br>ആകെ = 25397 | 9524 |
| 28 | 17/1025<br>അസൈനാർ | 119.56 | അടിസ്ഥാന വസ്തുനികുതി- 119.56X50 =5978<br>ഇളവ് = 1195.6<br>വർദ്ധനവ് = 0<br>വസ്തുനികുതി = 4783<br>ലൈബ്രറി സെസ്സ് = 240<br>ആകെ = 5023 | അടിസ്ഥാന വസ്തുനികുതി- 119.56x80 = 9565<br>ഇളവ് =1913<br>വർദ്ധനവ് = 0<br>വസ്തുനികുതി = 7652<br>ലൈബ്രറി സെസ്സ് = 383<br>ആകെ = 8035 | 3012 |
| 29 | 10/1026<br>ഉണ്ണികൃഷ്ണ വാര്യർ | 117.98 | അടിസ്ഥാന വസ്തുനികുതി- 117.98X50 =5899<br>ഇളവ് = 1179.8<br>വർദ്ധനവ് = 0<br>വസ്തുനികുതി = 4720<br>ലൈബ്രറി സെസ്സ് = 236 | അടിസ്ഥാന വസ്തുനികുതി- 117.98x80 = 9439<br>ഇളവ് =1887.8<br>വർദ്ധനവ് = 0<br>വസ്തുനികുതി = 7552<br>ലൈബ്രറി സെസ്സ് = 378 | 2974 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ = 4956 | ആകെ = 7930 | |
| ആകെ | | | | | 201144 |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം:50/19-20/3.12.21 ന് സമർപ്പിച്ച മറുപടിയിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-11-1 അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടികൾക്ക് മോണിട്ടറിങ് കാര്യക്ഷമമാക്കണം

നഗരസഭയുടെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. മുൻസിപ്പൽ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭ പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭയിൽ പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പാലിറ്റി നിയമം/ ചട്ടങ്ങൾ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രം [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്.

നഗരസഭയിൽ ക്രമവൽക്കരിക്കുവാൻ ലഭിച്ച അപേക്ഷകളിൻമേൽ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടോയെന്ന്പരിശോധിക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ ജീവനക്കാർ ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതി കൂടാതെ മുൻസിപ്പാലിറ്റി പ്രദേശത്ത് അനധികൃത നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നടക്കുന്നത് ഫീൽഡ് പരിശോധനകളിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നഗരസഭ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാവുന്ന ഇത്തരം നടപടികളിന്മേൽ ധനകാര്യ സ്റ്റാൻ്റിങ് കമ്മറ്റി കാര്യക്ഷമമായി ഇടപെട്ട് മോണിട്ടറിംങ് ശക്തിപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം:57/19-20/6.12.21) ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 245 പ്രകാരം ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. 246 മുതൽ 259 വരെയുള്ള വകുപ്പുകളിൽ തൊഴിൽ നികുതി ചുമത്തുന്നതിനുള്ള മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളും നിലവിലുണ്ട്. നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

## 1-12-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 253 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവിധ അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി |
|---|---|---|

| നം. | | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കുമരംപുത്തൂർ കോ ഓപ്പറേറ്റീവ് സർവ്വീസ് സൊസൈറ്റി | I & II |
| 2 | മണ്ണാർക്കാട് കോ ഓപ്പറേറ്റീവ് അർബൻ ക്രെഡിറ്റ് സൊസൈറ്റി | I & II |
| 3 | പാലക്കാട് പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 4 | IQRA മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ഹോസ്പിറ്റൽ | I & II |
| 5 | കളത്തിൽ ഡെന്റൽ ക്ലിനിക് | I & II |
| 6 | മലബാർ ഡെന്റൽ ഹോസ്പിറ്റൽ | I & II |
| 7 | മണ്ണാർക്കാട് ഡെന്റൽ ഹോസ്പിറ്റൽ | I & II |
| 8 | സെന്റ് പോൾസ് ആയുർവ്വേദ ചികിത്സാലയം | I & II |
| 9 | ട്രിനിറ്റി ഐ സെന്റർ | I & II |
| 10 | വീനസ് ഡെന്റൽ കെയർ | I & II |
| 11 | അനുഗ്രഹ നേച്ചർ ലൈഫ് സെന്റർ | I & II |
| 12 | അമല ബി.എസ്.എസ് ഇൻസ്റ്റിറ്റ്യൂട്ട് | I & II |
| 13 | അനുപമ അക്കാഡമി | I & II |
| 14 | ബാഹിജ് കോച്ചിംഗ് സെന്റർ | I & II |
| 15 | ബ്ലൂ ബീ അക്കാഡമി | I & II |
| 16 | ബി.ആർ.ഡി.ഇ റെസണൻസ് | I & II |
| 17 | ബ്രില്ല്യൻസ് കോളേജ് | I & II |
| 18 | ബി.എസ്.എസ് ആയുർവേദ നഴ്സിംഗ് ട്യൂട്ടോറിയൽ | I & II |
| 19 | CADE, അമാന പ്ലാസ | I & II |
| 20 | ക്രസന്റ് ട്യൂഷൻ സെന്റർ | I & II |
| 21 | ഡാസിൽ ഇൻസ്റ്റിറ്റ്യൂഷൻ | I & II |
| 22 | ഡയറക്ട് ഗ്ലോബൽ കോ ഓപ്പറേറ്റ്സ് | I & II |
| 23 | എക്സ്പെർട്സ് സയൻസ് സ്റ്റഡി സെന്റർ | I & II |
| 24 | ജീനിയസ് കോളേജ് | I & II |
| 25 | ഗ്ലോബൽ അക്കാഡമി | I & II |
| 26 | ITF ലാവണ്യം ബിൽഡിംഗ് | I & II |
| 27 | ജ്യോതി കോളേജ് | I & II |
| 28 | ICS ഐ.ടി എഡ്യൂക്കേഷൻ | II |
| 29 | എം.എ.എൽ.പി സ്കൂൾ, മുണ്ടേക്കാരാട് | I & II |
| 30 | മാർക്ക് കരിയർ അക്കാഡമി | II |

| | | |
|---|---|---|
| 31 | മാസ്റ്റർ കോളേജ് | II |
| 32 | NICE കോളേജ് | I |
| 33 | എസ് & ബി കോളേജ് ഓഫ് ഫാഷൻ ഡിസൈനിംഗ് | I & II |
| 34 | SEEDAC കോളേജ് ഓഫ് ആർട്സ് & സയൻസ് | I & II |
| 35 | ബജാജ് ഫിനാൻസ് | I & II |
| 36 | ഇസാഫ് മൈക്രോ ഫിനാൻസ് & ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 37 | ഇസാഫ് മൾട്ടി സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | I & II |
| 38 | മേരി റാണി പോപ്പുലർ നിധി ലിമിറ്റഡ് | I |
| 39 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | I |
| 40 | അഹല്യ ഫിനാൻഷ്യൽ സർവ്വീസ് | I & II |
| 41 | ഐ.സി.ഐ.സി.ഐ പ്രൂഡൻഷ്യൽ ലിമിറ്റഡ് | II |
| 42 | പോപ്പുലർ ഫിനാൻസ് | I & II |
| 43 | അക്ഷയ മോട്ടോഴ്സ്, കുന്തിപ്പുഴ | I & II |
| 44 | അർച്ചന മോട്ടോഴ്സ് | I & II |
| 45 | ഗനി മോട്ടോഴ്സ് | I & II |
| 46 | ഹോണ്ട ബൈക്ക് സർവ്വീസ് സെന്റർ | I & II |
| 47 | ഹോണ്ട ബൈക്ക് ഷോറൂം | I & II |
| 48 | കല്യാൺ ജ്വല്ലേഴ്സ് മിനി സ്റ്റോർ | I |
| 49 | പിന്നാക്കിൾ മോട്ടോർ വർക്സ് | I & II |
| 50 | റിലയൻസ് എസ്.എം.എസ്.എൽ ലിമിറ്റഡ് | I & II |
| 51 | സ്പന്ദന & സ്ഫൂർത്തി ഫിനാൻഷ്യൽ സർവ്വീസസ് | I & II |
| 52 | ITH ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊഫഷണൽ സ്റ്റഡീസ് | II |
| 53 | ഗ്രീൻ ബേക്സ് | I & II |
| 54 | സായാ ബേക്സ് | I & II |
| 55 | ഹോട്ടൽ ഹിൽവ്യൂ | I & II |
| 56 | ദാറുന്നജാത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I |
| 57 | നജാത്ത് ആർട്സ് & സയൻസ് കോളേജ് | I |
| 58 | മനോജ് ക്ലിനിക് | I |
| 59 | സ്കിൻ ക്ലിനിക്, ഡോ.സുരേഷ് കോടതിപ്പടി | I |

| | | |
|---|---|---|
| 60 | ന്യൂ ലൈഫ് ഹോമിയോ മെഡിക്കൽ സെന്റർ | I |
| 61 | ലിഡിയ ഐ ക്ലിനിക് | I |
| 62 | ദിയ സ്പെഷ്യാലിറ്റി ക്ലിനിക് | I |
| 63 | ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ<br>സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് | I |
| 64 | എ.ബി.സി മോട്ടോഴ്സ് | I |
| 65 | സിറ്റി മോട്ടോഴ്സ് | I |
| 66 | കമ്മപ്പ & കോ എച്ച്.പി.സി ഡീലർ | I |
| 67 | ഇമേജ് മൊബൈൽസ് & കംപ്യൂട്ടേഴ്സ് | I |
| 68 | ചോയ്സ് വെഡ്ഡിംഗ് സെന്റർ | I |
| 69 | സാമിയ സിൽക്സ് കോടതിപ്പടി | I |
| 70 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് & ഫിനാൻസ് കമ്പനി | I |
| 71 | ആരാധന ടാക്കീസ് | I & II |
| 72 | മോർ സൂപ്പർ മാർക്കറ്റ് | II |
| 73 | എ.എം വിംഗ്സ് ടൂ വീലർ പ്രൈവറ്റ് ലിമിറ്റഡ് | II |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം(നം.31/01-12-21) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിൽ നികുതി പിരിവിനായി ബിൽ കളക്ടർമാരെ നിയമിച്ചിട്ടില്ലാത്ത സാഹചര്യമാണെന്നും നിലവിൽ ലൈസൻസ് പട്ടിക പരിശോധിച്ച് വിവിധ സ്ഥാപനങ്ങൾക്ക് ഓഫീസ് അറ്റൻഡർമാർ മുഖേനയും തപാൽ മുഖേനയും ഡിമാന്റ് നോട്ടീസ് വിതരണം നടത്തി വരുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരെടെയും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനായി നഗരസഭയിലെ ഓരോ വാർഡിലേയും സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-12-2 ട്യൂട്ടോറിയൽ കോളേജുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള താഴെ പറയുന്ന ട്യൂട്ടോറിയൽ കോളേജുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സോണറ്റ് ഫാഷൻ അക്കാഡമി, പാറപ്പുറം | 10 |
| 2 | ഐഡിയൽ പ്രൈവറ്റ് ഐ.ടി.ഐ | 6 |

| | | |
|---|---|---|
| | & ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് | |
| 3 | അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസ് | 4 |
| 4 | ജി ടെക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ, കോടതിപ്പടി | 4 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 30/ 01-12-21 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-12-3 നഗരസഭയിലെ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിലെ 2019-20 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാർ നഗരസഭയുടെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തി.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ടി.സോമൻ |
| 2 | എ.ഹംസ |
| 3 | എൻ.ഉമ്മർ |
| 4 | വി.കെ.ഹബീബ് മുഹമ്മദ് |
| 5 | കെ.സി.താജുദ്ദീൻ |
| 6 | ജെമി ബെന്നി |
| 7 | ഷബീർ അലി.എം.പി |
| 8 | കൃഷ്ണദാസ്.ജി.എൻ |
| 9 | കെ.സോമൻ |
| 10 | മൻസൂർ.എ |
| 11 | എ.കേശവൻകുട്ടി |
| 12 | എം.ടി.ബാലചന്ദ്രൻ |
| 13 | മുഹമ്മദാലി |
| 14 | ജോസ്.പി |
| 15 | പ്രേമരാജൻ |
| 16 | പി.യൂസഫ് |
| 17 | നിഷാദ്.എം |
| 18 | എം.മുഹമ്മദ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 30/ 01-12-21) എല്ലാ കരാറുകാർക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തൊഴിൽ നികുതി അടയ്ക്കാത്ത കരാറുകാരുടെ വർക്ക് ബില്ലിൽ നിന്നും ടി തുക കുറവു ചെയ്യുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കുറിപ്പ് നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-12-4 പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയിലെ മുഴുവൻ ഡോക്ടർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. നഗരസഭാ പ്രദേശത്തെ പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ പ്രൊഫഷണലുകളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ നഗരസഭാ പരിധിയിലെ സ്വകാര്യ ഡോക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ടെന്നും അഭിഭാഷകരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി ബാർ അസോസിയേഷൻ സെക്രട്ടറിക്ക് പല തവണ കത്ത് നൽകിയെങ്കിലും അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

നഗരസഭാ പരിധിയിലെ പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-5 വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭയിലെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതിയിട്ടില്ല. 2019-20 വാർഷിക കണക്കുകൾ പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിൽ 710504 രൂപ തൻ വർഷം കുടിശ്ശികയുണ്ട്. മേൽ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-12-6 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര് , ഈടാക്കിയ നികുതി എന്നിവയുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിലെ ജീവനക്കാരുടെ പേരുവിവരം, അർദ്ധ വാർഷിക വരുമാനം എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. കൂടാതെ രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കേരള മുനിസിപ്പാലിറ്റി ആക്ടിൽ നിഷ്കർഷിച്ച പ്രകാരം ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 1-13 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകങ്ങൾ

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നത് 2011 ലെ കേരള

മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് നിലവിൽ അറിയപ്പെടുന്നത്.

2011 ൽ പുറപ്പെടുവിക്കപ്പെട്ട ചട്ടം പ്രാവർത്തികമാക്കുന്നത് വിവിധ കാരണങ്ങളാൽ 30-4-2017 വരെ ദീർഘിപ്പിക്കുകയും 1-5-2017 നുശേഷം നടപ്പാക്കപ്പെടുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷം നഗരസഭയിലെ കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചത് ചട്ട പ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്ററുകൾ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

## 1-13-1 ലൈസൻസ് ഫീസ്- കുറഞ്ഞ നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല

ലൈസൻസ് ചട്ടങ്ങളിലെ ഖണ്ഡിക 7 പ്രകാരം വ്യാപാരം/തൊഴിൽ/ കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം,വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത് , മുതൽ മുടക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം 'എ', 'ബി', 'സി' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം, 2-ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ച കൊണ്ടുള്ള വിജ്ഞാപനം ചട്ടം പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നഗരസഭയിലെ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ച കൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. നഗരസഭയിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട കുറഞ്ഞ നിരക്ക് സംബന്ധിച്ച് വിജ്ഞാപനം തയ്യാറാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് വിലയിരുത്തുന്നു.

## 1-13-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഡ് തലത്തിൽ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതിൽ ക്രമ നമ്പർ ഇട്ടിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ ബേസ് അനുസരിച്ച് വാണിജ്യം, വ്യവസായം, ഇതര വ്യവസായം എന്നീ ഗണങ്ങളിലായി 7199 കെട്ടിടങ്ങൾ നഗരസഭയിൽ ഉണ്ട്. ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഇവയിൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നിട്ടില്ല എന്ന് വ്യക്തമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കേണ്ട മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13-3 റേഷൻ ഡിപ്പോകൾ, കള്ള് ഷാപ്പുകൾ തുടങ്ങിയവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I, II എന്നിവ പ്രകാരം റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയും കള്ള് ഷാപ്പുകൾ, വിദേശ മദ്യ

ഷാപ്പുകൾ എന്നിവയും ലൈസൻസിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ്. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 ൽ ലൈസൻസ് അനുവദിച്ചവയിൽ ഇത്തരം സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല. നഗരസഭാ പരിധിയിലെ പൊതു വിതരണ കേന്ദ്രങ്ങൾ, മദ്യ ഷാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയിലെ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ, കള്ള് ഷാപ്പുകൾ, വിദേശ മദ്യഷാപ്പുകൾ മുതലായവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13-4 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ൽ പൗൾട്രി ഫാമുകൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ ബേസ് പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഫാമുകൾ ലൈസൻസ് എടുത്തിട്ടില്ല എന്ന് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തി.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗം |
|---|---|---|---|
| 1 | മുഹമ്മദ്.ടി.പി | 1/632 | കോഴി ഫാം |
| 2 | മുഹമ്മദ്.ടി.പി | 1/633 | കോഴി ഫാം |
| 3 | സുരേഷ് കൊളവള്ളി | 7/482 | ഫാം |
| 4 | ആയിഷ ഉമ്മ | 9/274 | കോഴി ഫാം |
| 5 | മുഹമ്മദ് ബഷീർ | 9/460 | കോഴി ഫാം |
| 6 | മുഹമ്മദ് ബഷീർ | 9/461 | കോഴി ഫാം |
| 7 | മുഹമ്മദ് ബഷീർ | 9/462 | കോഴി ഫാം |
| 8 | ഫസീല | 9/645 | കോഴി ഫാം |
| 9 | ഓമനകുമാരി | 15/764 | കോഴി ഫാം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

നഗരസഭയിലെ എല്ലാ ലൈവ് സ്റ്റോക്ക് ഫാമുകളും ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-14 കടമുറികളുടെ വാടക പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 3 കോംപ്ലക്സുകളിലായി ആകെ 54 കടമുറികളാണ് ഉള്ളത്. മേൽ കടമുറികളിലെ വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-14-1 ഷോപ്പിംഗ് കോംപ്ലക്സ് വാടക- ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കണം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 571, 572 എന്നിവയിൽ അനുശാസിക്കും പ്രകാരം നഗരസഭ ബൈലോ പ്രസിദ്ധീകരിച്ച് സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സിന് ബൈലോ തയ്യാറാക്കിയത് 14.7.2021 ലെ 1(2) നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 572 പ്രകാരം ഏതെങ്കിലും ബൈലോയോ, റെഗുലേഷനോ അവയുടെ റദ്ദാക്കലോ വ്യത്യാസപ്പെടുത്തലോ അത് സർക്കാർ

അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. കാലാനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ അധികൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 കടമുറികളുടെ നിലവിലെ സ്ഥിതി വരുമാന നഷ്ടത്തിന് കാരണമാകുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 3 കോംപ്ലക്സുകളിലായി 54 കടമുറികൾ ഉള്ളതിൽ ഒരു കോംപ്ലക്സിലെ 6 കടമുറികൾ മാത്രമാണ് തൻ വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. ബസ് സ്റ്റാന്റ് കോംപ്ലക്സിലുള്ള 32 കടമുറികൾ കാലപ്പഴക്കത്താൽ ബലക്ഷയം വന്ന് അപകടാവസ്ഥയിൽ ആയതിനാൽ പൊളിച്ച് നീക്കുന്നതിനായി കൗൺസിൽ തീരുമാനം നം. 2/10-01-2019 പ്രകാരം തീരുമാനിക്കുകയും കടമുറികൾ അടിയന്തിരമായി ഒഴിയുന്നതിനായി വാടകക്കാർക്ക് 01-02-2019 ലെ E1- 13433/18 നമ്പർ പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെതിരേ ചില വാടകക്കാർ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുണ്ട്. കേസ് നിലവിലുള്ളതിനാൽ കടമുറികൾ ഒഴിഞ്ഞിട്ടില്ലെങ്കിലും 2019-20 വർഷം ടി വാടകക്കാരുടെ എഗ്രിമെന്റ് പുതുക്കി നൽകുകയോ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ കടമുറികളിലെ വാടകക്കാരിൽ നിന്നും നിലവിൽ വാടക ഈടാക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും കേസിന്റെ പുരോഗതി സംബന്ധിച്ചും നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കേസ് നിലവിലുള്ളതിനാലും കേസിന് അന്തിമവിധി ആയിട്ടില്ലാത്തതിനാലും തുടർനടപടികൾ സ്വീകരിക്കുന്നത് കോടതിയലക്ഷ്യം ആകുമെന്നതിനാൽ പ്രസ്തുത കടമുറികളിലെ വാടകക്കാരിൽ നിന്നും നിലവിൽ വാടക ഈടാക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കേസിന്റെ വിധി വരുന്ന മുറയ്ക്ക് ആയതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-3 വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2019-20 ലെ വാർഷിക കണക്കുകൾ പ്രകാരം തൻ വർഷത്തെ കുടിശ്ശിക 10212 രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശിക 252338 രൂപയും ഉൾപ്പെടെ ആകെ 262550 രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കുടിശ്ശിക ഈടാക്കുന്നതിനായി വാടകക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതും നോട്ടീസ് നൽകിയിട്ടും അടയ്ക്കാത്തവർക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിനോദ നികുതി- രേഖകൾ ഹാജരാക്കിയില്ല

നഗരസഭാ പരിധിയിൽ 5 തിയേറ്ററുകളാണ് നിലവിൽ ഉള്ളത്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രാജ്യത്തെ ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്ത പശ്ചാത്തലത്തിൽ സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എൻറർടെയിൻമെന്റ്സ് ടാക്സ് ആക്റ്റിൽ ആയതനുസരിച്ച് ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എൻറർടെയ്ൻമെന്റ് ടാക്സ് ആക്റ്റിലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ

സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകി.

സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകൾക്ക് അനുസൃതമായി പിരിച്ച നികുതി തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

31-10-2019 ലെ കൗൺസിൽ തീരുമാനം നം. 27 പ്രകാരം നഗരസഭയിലെ തിയേറ്ററുകളിൽ നിന്നും മേൽ ഉത്തരവ് പ്രകാരം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം വിനോദ നികുതിയിനത്തിൽ തൻ വർഷം 342629 - രൂപ വരവുണ്ട്. ഓരോ തിയേറ്ററിന്റെയും ജി.എസ്.ടി സ്റ്റേറ്റ്മെന്റ്, നികുതി ഒടുക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ നികുതിയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 63/ 06-12-21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വിനോദ നികുതി കൃത്യമായി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വിനോദ നികുതിയിലുള്ള വരവ് രേഖപ്പെടുത്തുവാനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3)വിറ്റഴിക്കുന്ന ടിക്കറ്റുകളുടെ കൃത്യത പരിശോധിക്കുവാനായി ഇടയ്ക്കിടെ തിയേറ്ററുകളിൽ ഫീൽഡ് പരിശോധന നടത്താവുന്നതാണ്.

## 1-16 നഗരസഭാ പരിധിയിലെ ടർഫുകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്

1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, 1965 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങൾ ( G.O (MS) 590/65/HLD Dt. 08-07-1965) എന്നിവ പ്രകാരം ഏതു സ്ഥലത്തും സ്ഥിരമോ, താത്കാലികമോ ആയ ഏതു നിർമ്മിതികളിലും പണം വാങ്ങിയോ , പണം ലഭിക്കാനായി പ്രവേശനം നൽകിയോ ലാഭോദ്ദേശ്യത്തോടെ നടത്തപ്പെടുന്ന സംഗീത, നൃത്ത, കായിക വിനോദങ്ങൾ, സർക്കസ്, തിയേറ്റർ,സംഗീതശാല ,ബില്യാർഡ്സ് റൂം , ജിംനേഷ്യം, ആയുധപരിശീലനം എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണ്. വാർഷികമായും താത്കാലികമായും ലൈസൻസ് എടുക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം ലൈസൻസ് ഈടാക്കേണ്ടതാണ്.

നഗരസഭയിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയൽ നം. ബി.എ 319/ 20-21 പരിശോധിച്ചതിൽ ശ്രീ.ഷിയാസ്, ചേരിപ്പറമ്പ്, എടപ്പറ്റ എന്ന വ്യക്തിയുടെ പേരിൽ ടർഫിനോടനുബന്ധിച്ച് 2 നിലകളിലായി റെസ്റ്റോറന്റ് ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന് 2/ 1163(2) ആയി നമ്പർ അനുവദിക്കുകയും വസ്തുനികുതി നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുള്ളതായി കണ്ടെത്തി. കായിക മത്സരങ്ങൾ നടത്തുന്ന പ്രസ്തുത ടർഫിന് പി.പി.ആർ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും നഗരസഭാ പരിധിയിൽ ഉള്ള ടർഫുകളുടെ എണ്ണം, അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 62/ 06-12-21) മറുപടി ലഭ്യമാക്കിയില്ല.

നഗരസഭാ പരിധിയിലെ മുഴവൻ ടർഫുകളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 താലൂക്ക് ആസ്ഥാന ആശുപത്രിയിലെ (CHC )ഡയാലിസിസ് യൂണിറ്റ് നടത്തിപ്പ് ചെലവുകൾ സംബന്ധിച്ച്

നഗരസഭയിലെ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് നടത്തിപ്പ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള വാങ്ങലുകൾ 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 28/20-ഡയാലിസിസ് യൂണിറ്റ് നടത്തിപ്പ് ചെലവുകൾ | അടങ്കൽ/ഫണ്ടിനം | 12,00,000 രൂപ (വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 9,24,096 രൂപ | നിർവ്വഹണം | സൂപ്രണ്ട് (CHC) |
| ബിൽ നം | 5/19-20 /24.8.19-70467/- 8/19-20/31.8.19 -18280/- 9/19-20/28.9.19 -347702/- 12/19-20/11.11.19 -93441/- | ബിൽ നം | 15/19-20/14.1.20 -214006/- 19/19-20 /20.1.20-98500/- 23/19-20 /25.2.20-81700/- ആകെ -9,24,096 രൂപ |

1-17-1 ക്വട്ടേഷൻ ക്ഷണിക്കാതെ സാധന സമാഹരണം- പ്രോക്യൂർമെന്റ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

സ.ഉ(കൈ)നം22/2018/ത.സ്വ.ഭ.വ തീ.14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ നഗരസഭകളിലെ 5000 രൂപ മുതൽ 50000 രൂപവരെ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞത് 3 ക്വട്ടേഷൻ ലഭ്യമാകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ സാധന സമാഹരണങ്ങൾക്ക് മേൽനിർദ്ദേശം പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | സാധനങ്ങൾ | തുക, വൗച്ചർ നം/ തിയതി, ബിൽ നം/ തിയതി |
|---|---|---|---|
| 1 | മെഡിപ്ലാൻ സർജിക്കൽസ്, പുളുപ്പരിയാരം, ഒലവക്കോട് | ബി.പി അപ്പാരറ്റസ് സ്റ്റെതസ്കോപ്പ് ഓക്സിജൻ മാസ്ക് നെബിലൈസേഷൻ മാസ്ക് അംബു ബാഗ് ലാറിഗോസ്കോപ്പ് | 70467 രൂപ 5/19-20 /24.8.19 18280 രൂപ 8/19-20/31.8.19 |
| 2 | അലൻ മെഡിക്കൽസ്, അണ്ണാസാലൈ, ചെന്നൈ | എക്വിപ്പമെന്റ് ക്ലീനിംഗ് സൊല്യൂഷൻ | 34999 രൂപ 19/19-20 9/28.09.19 ഇൻവോയ്സ് നം, തിയതി- 042എം, 04.06.19 |

പ്രോക്യൂർമെന്റ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കാതെ സാധന സമാഹരണം നടത്തിയത്

പ്രസ്തുത മാർഗ്ഗരേഖയുടെ ലംഘനമാണ്.

1-17-2 ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസിന്റെ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയതിലെ ബാക്കി തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കുഴൽ കിണർ കുഴിക്കുന്നതിനായി ഭൂജലവകുപ്പ് പാലക്കാട് ഓഫീസിന്റെ അക്കൗണ്ടിലേക്ക് 81700 രൂപ കൈമാറിയിട്ടുള്ളതാണ്.

ബിൽ നം, തിയതി = 23/19-20 /25.02.2020 - തുക - 81700 രൂപ

ട്രഷറി അക്കൗണ്ട് നമ്പർ = 714011400000045

ട്രാൻസാക്ഷൻ നമ്പർ = 192103000000017587

ഭൂജലവകുപ്പിന്റെ 24.11.2021 ലെ GWPK/1389/18 നമ്പർ കത്ത് പ്രകാരം കുഴൽ കിണർ കുഴിച്ചതിന്റെ വിവരം അന്തിമ ബില്ല് സഹിതം അറിയിച്ചിട്ടുണ്ട്.

ചെലവായ തുക = 43119 രൂപ

മുൻകൂർ തുക = 81700 രൂപ

ബാക്കി ലഭ്യമാക്കേണ്ട തുക = 38581 /-രൂപ

ഭൂജലവകുപ്പിൽ നിന്നും തിരികെ ലഭ്യമാകേണ്ട 38581 രൂപ ലഭ്യമാക്കി നഗരസഭയുടെ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 58/06.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) പ്രോക്യൂർമെന്റ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കാതെ സാധന സമാഹരണം നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) സാധന സമാഹരണങ്ങൾ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

3) ഭൂജലവകുപ്പിൽ നിന്നും തിരികെ ലഭ്യമാകേണ്ട 38581 രൂപ ലഭ്യമാക്കി നഗരസഭയുടെ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-18 താലൂക്ക് ആശുപത്രിയിലേക്ക് ലാപ്ടോപ്പ് പ്രൊജക്ടർ എന്നിവ വാങ്ങൽ- സർക്കാർ നിബന്ധന പാലിച്ചില്ല

സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് ഐ.ടി സെൽ-1/26/2019/വി.സ.വ തിയതി 18.03.2019 സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്, കൂടാതെ സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്.

2019-20 വർഷത്തിൽ മെഡിക്കൽ സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയ താലൂക്ക് ആശുപത്രിയിലേക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം സാധന സമാഹരണം നടത്തിയത് മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് = 27/20, താലൂക്ക് ആശുപത്രിയിലേക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങൽ

അടങ്കൽ തുക = 60,000 രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ് തുക = 60,000 രൂപ

ബിൽ നം = 7/04.09.2019

മെഡിക്കൽ സൂപ്രണ്ടിന്റെ 12.07.2019 ലെ എ/1465/2019 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പി.സി.വേൾഡ്- നെല്ലിപ്പുഴ (IFSC- BARBOMANNAR, Acc. No- 37010200000054) എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ വാങ്ങുകയും (Invoice No/Date- PCWMKD/L0000336) ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ സാധന സമാഹരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/06.12.2021) മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിലെ സാധന സമാഹരണങ്ങൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 താലൂക്ക് ഹോസ്പിറ്റൽ ഒ.പി കൗണ്ടർ കമ്പ്യൂട്ടറൈസേഷൻ മറ്റ് അനുബന്ധ പ്രവൃത്തികൾ- അപാകതകൾ

തൻ വർഷത്തിൽ മെഡിക്കൽ സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയ താലൂക്ക് ഹോസ്പിറ്റൽ ഒ.പി കൗണ്ടർ കമ്പ്യൂട്ടറൈസേഷൻ മറ്റ് അനുബന്ധ പ്രവൃത്തികൾ പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് വിവരം

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 400/20,<br>താലൂക്ക് ഹോസ്പിറ്റൽ ഒ.പി കൗണ്ടർ കമ്പ്യൂട്ടറൈസേഷൻ മറ്റ് അനുബന്ധ പ്രവൃത്തികൾ |
| നിർവ്വഹണം | സൂപ്രണ്ട് (CHC) |
| അടങ്കൽ തുക, ഫണ്ടിനം | 450000 രൂപ, തനത് ഫണ്ട് |
| ചെലവ് തുക | 438647 രൂപ |

2) ചെലവ് വിവരം

| ക്രമ നം | തുക വൗച്ചർ നം/ തിയതി, ചെക്ക് നം/ തിയതി | സ്ഥാപനത്തിന്റെ വിവരം, | സ്ഥാപനത്തിന്റെ അക്കൗണ്ട് വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 265639 രൂപ<br>21901018/ 18.03.20<br>5567801/ 18.03.20 | ആർട്ട്കോ<br>ഇൻവോയ്സ് നം- 86/12.11.19,<br>സപ്ലൈ തിയതി- 13.11.19 | IFSC- SBIN0070723<br>Ac No- 37084134400 | |
| 2 | 66308 രൂപ<br>21900597/ 20.11.19<br>5031281/ 20.11.19 | കെൽട്രോൺ<br>ഇൻവോയ്സ് നം- 10392/31.12.19 | ട്രഷറി അക്കൗണ്ട് നം<br>799011400003959 | |
| 3 | 106700 രൂപ<br>21901079/31.03.20<br>953694/ 31.03.20 | വെറൈറ്റി ഫർണിച്ചർ & ഹോം അപ്ലയൻസസ്<br>ബിൽ നം- 286/07.02.20<br>GSTIN- 32BXTPK1258H1ZB | 7500 രൂപ<br>IFSC- SIBL0000048<br>Ac No- 0048083000010719 | |
| | | കീർത്തനം ഹോം അപ്ലയൻസസ്, | 45300 രൂപ<br>IFSC-FDRL0001409 | |

| | | | |
|---|---|---|---|
| | കോടതിപ്പടി മണ്ണാർക്കാട് ഇൻവോയ്സ് നം- 1490/12.02.20 സപ്ലെ തിയതി- 13.02.20 | Ac No- 14095500008002 | |
| | പി.സി വേൾഡ്, നെല്ലിപ്പുഴ, മണ്ണാർക്കാട് ഇൻവോയ്സ് നം- PCWMKD/L0000705/ 10.02.20 സപ്ലെ തിയതി- 10.02.20 | 53900 രൂപ IFSC- BARBOMANNAR Ac No- 37010200000054 | |

3) പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ

മണ്ണാർക്കാട് താലൂക്ക് ഹോസ്പിറ്റലിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടി ഒ.പി കൗണ്ടർ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ചുവടെ ചേർത്ത പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

എ) ഒ.പി കൗണ്ടർ നിർമ്മാണം എന്ന് പ്രവർത്തനത്തിന് = 280866 രൂപ ( ARTCO മുഖേന Civil Electrical Work And Counter Settings And Revolving Chair Purchase (3Nos))

ബി) കമ്പ്യൂട്ടറൈസേഷൻ = 169134 രൂപ ( Computer, Dotmetric Printser, Thermal Printer, 2KV UPS 2 Battery എന്നിവ ക്വട്ടേഷൻ ക്ഷണിച്ച്)

പ്രസ്തുത പദ്ധതി പരിശോധിച്ച് 06.09.2019 ലെ സി1-150/19-20 നമ്പർ തീരുമാനം പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ട്.

4) പദ്ധതി ആസൂത്രണം ,നിർവ്വഹണം -സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം

1) ഒ.പി കൗണ്ടർ നിർമ്മാണം

എ) അംഗീകാരമില്ലാത്ത സ്ഥാപനത്തിന് പ്രവർത്തി ഏൽപ്പിച്ച് നൽകി നിർവ്വഹിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

സ.ഉ(സാധാ)നം.2092/2018/തസ്വഭവ തിയതി 01.08.2018 പ്രകാരം ആർട്ട്കോയിലെ ഉൽപ്പന്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുമായി ഒരു നോഡൽ ഏജൻസിയായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തിയിലെ Civil Electrical Work നിർവ്വഹിക്കുന്നതിന് ആർട്ട്കോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല. ആയതിനാൽ അംഗീകാരമില്ലാത്ത സ്ഥാപനത്തിന് പ്രവർത്തി ഏൽപ്പിച്ച് നൽകുന്നതിനായി പദ്ധതി ആസൂത്രണം ചെയ്ത നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ചെലവ് വിവരം പട്ടികയിലെ ക്രമ നമ്പർ 1 ൽ രേഖപ്പെടുത്തിയതിൻ പ്രകാരമാണ് ആർട്ട്കോയ്ക്ക് തുക കൈമാറിയിട്ടുള്ളത് ആയതിന്റെ ഇൻവോയ്സ് വിവരം ചുവടെ ചിത്രം 1 യിൽ കൊടുത്തിരിക്കുന്നു. ഇൻവോയ്സിൽ ക്രമ നമ്പർ 4 ആയാണ് Civil Electrical Work നിർവ്വഹിച്ചിട്ടുള്ളത് ആയതിലേക്ക് 30090 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.



ARTCO LTD
Artisans development Co-operative Ltd.,4429,kerala
Artco Towers, Robinson Road, Cannara street, Palakkad-1,Gmail:artcoltdpkd@gmail.com, Web:Artcokerala.com
GSTIN:32AAAAA2064P1ZW

CASH / CREDIT BILL

: 86
: 12-Nov-19
: Kerala State Code 32

Transportation Mode :
Vehicle No :
Date of Supply : 13-Nov-19
Place of Supply :

Details of Received / Billed to :
THE SUPERINTENDANT
TALUK HOSPITAL
State Code 32

Details of Consignee / Shipped to :
Taluk Hospital, Mannarkkad
State Code 32

| Sl No | Name of the Product / Service | HSN ACN | Quantity | Rate | Amount | Rate | CGST | SGST | Cess | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | 26581 - STAFF COUNTER TABLE OF SIZE L-220CM X SW-60 CM XH-75 CM. BY USING GOOD QUALITY 18 MM,15 MM, 12 MM SEASONED RUB WOOD WITH POLOSH FINISH. | 9403 | 2.000 | 34833.00 | 69666.00 | 18.00 | 6269.94 | 6269.94 | 696.66 | 82205.8 |
| 2 | 26590 - BACK STORAGE DUPBOARD:- FILE STORAGE RACK 4 COMPARTMENTS WITH OPEN DOOR AND LOCK. WORK BY 18 MM, 15 MM, 12 MM SEASONED RW WITH POLISH FINISH | 9403 | 2.600 | 11600.00 | 30160.00 | 18.00 | 2714.40 | 2714.40 | 301.60 | 35588.8 |
| 3 | 26601 - ALUMINUM PARTITION WITH DOOR & DOOR CLOSSER WORK BY 2 1/2 X 1 1/2 X ALUMINUM SECTION FRAME. INNER PORTION OF FRAME WILL BE 5MM PLAIN GLASS OR 8 MM PRE -LAMINATED BOARD | 9403 | 200.000 | 300.00 | 60000.00 | 18.00 | 5400.00 | 5400.00 | 600.00 | 70800.0 |
| 4 | 26610 - UPS WIRING AND NET WORKING UPS WIRING AND NET WORKING FOR EACH TABLES WITH 3 PLUG AND 1 CONTROLLING SWICH AND NETWORK PORT WITH ALL NECESARIES FITTING | 9403 | 3.000 | 8500.00 | 25500.00 | 18.00 | 2295.00 | 2295.00 | 255.00 | 30090.0 |
| 5 | 2662 - RAMP REMOVING AND RESETTING FOR ANOTHER PLACE, COLLAPSIBLE DOOR REMOVING WORK & GROUND SRFACE TILE, INTER LOCK FINISHING | | 1.000 | 37900.00 | 37900.00 | 18.00 | 3411.00 | 3411.00 | 379.00 | 44722.0 |
| E & OE | | | | TOTAL | 223226.00 | | 20090.34 | 20090.34 | 2232.26 | 263406.68 |

Amount in Words
Rupees Two Lakh Sixty Five Thousand Six Hundred Thirty Nine Only

Terms and Conditions

| | |
|---|---|
| Total Amount Before Tax | 223226.00 |
| Add CGST | 20090.34 |
| Add SGST | 20090.34 |
| Add Cess Amount | 2232.26 |
| Tax Amount : GST | 42412.94 |
| Discount Amount | 0.00 |
| Round Off | 0.00 |
| Total Amount After Tax | 265639.00 |

: Bank Details :
Bank Account No : 37084134400
Bank Branch | IFSC : SBIN0070723

Supply Order No
A1-1544/2019/2 10-Oct-19

ARTISANS DEVELOPMENT CO-OPERATIVE LTD.4429 KERALA TVPM-01 ARTCO
( Company Seal )

Certified that the particulars given below are true
Branch Manager in-charge
ARTCO LTD. 4429 Kerala
Palakkad Branch
Authorised Signatory

Civil Electrical Work നിർവ്വഹിക്കുന്നതിന് ആർട്ട്കോയ്ക്ക് അംഗീകാരം ലഭ്യമായിട്ടില്ല എന്നിരിക്കെ അംഗീകാരമില്ലാത്ത സ്ഥാപനത്തിന് പ്രവർത്തി നൽകി നിർവ്വഹിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ബി) പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി

പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നുമാണ് Revolving Chair- 3 എണ്ണം വാങ്ങുന്നതിന് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ചെലവ് വിവരം പട്ടിക ക്രമ നമ്പർ 3 പ്രകാരമം വെറൈറ്റി ഫർണീച്ചർ & ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 7500 രൂപ ചെലവഴിച്ച് സാധനം വാങ്ങിയിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2) കമ്പ്യൂട്ടറൈസേഷൻ

എ) ഓപ്പൺ ടെണ്ടർ രീതി അവലംബിക്കുന്നതിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ സമാഹരിച്ചു

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ എല്ലാ സ്ഥാപനങ്ങളും ഒരു ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതി അവലംബിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം ഓപ്പൺ ടെണ്ടർ രീതി അവലംബിക്കുന്നതിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്ത നടപടി ക്രമപ്രകാരമല്ല. ആയതിനുള്ള സാഹചര്യം വ്യക്തമാക്കുന്ന രേഖകളും ലഭ്യമാക്കിയില്ല.

ബി) GeM & CPRCS

സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ

വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ കമ്മീഷനുകളും കമ്പനി, ബോർഡുകളും കോർപ്പറേഷനുകളും ഉൾപ്പടെയുള്ള സ്വയംഭരണ/ പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ. ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് ഐ.ടി സെൽ-1/26/2019/വി.സ.വ തിയതി 18.03.2019 സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്, കൂടാതെ സർക്കാർ ഉത്തരവ് GO(P) 10/2019/SPD തിയതി 22.08.2019 പ്രകാരം ഐ. ടി ഉപകരണങ്ങൾ CPRCS വഴി മാത്രമേ വാങ്ങാവൂ എന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാധന സമാഹരണങ്ങൾക്ക് മേൽനിർദ്ദേശവും പാലിച്ചിട്ടില്ല.

സി) നേരിട്ടുള്ള സമാഹരണം

ചെലവ് വിവരം പട്ടികയിലെ ക്രമ നമ്പർ 3 ൽ രേഖപ്പെടുത്തിയതിൻ പ്രകാരമാണ് പി.സി വേൾഡ്, നെല്ലിപ്പുഴ എന്ന സ്ഥാപനത്തിന് തുക കൈമാറിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം 50000 രൂപ മുതൽ 1 ലക്ഷം വരെയുള്ള സാധന സമാഹരണങ്ങൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് സമാഹരണം നടത്തിയിട്ടുള്ളത്. ആയത് പ്രക്യൂർമെന്റ് നടപടിക്രമങ്ങളുടെ ലംഘനമാണ്.

5) ഓഡിറ്റ് അന്വേഷണവും മറുപടിയും ഓഡിറ്റ് നിർദ്ദേശവും

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം :61/19-20/6.12.21) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ - അർഹതയുള്ളവർക്ക് ആവശ്യമായ ആനുകൂല്യം നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ്നം-38/20:വാസയോഗ്യമല്ലാത്ത ഭവനംവാസയോഗ്യമാക്കൽ (ജനറൽ) | അടങ്കൽ- 2900000/- |
| ചെലവ് -~~1187500/~~ | |
| നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ- പ്രൊജക്റ്റ് ഓഫീസർ | |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് പരാമവധി 100000/- രൂപയും എസ് സി വിഭാഗത്തിന് 150000/- അനുവദിക്കാവുന്നതാണ്. മേൽ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 25000/- മാത്രമാണ് ഒരു ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഇതുമൂലം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ ഭവനങ്ങൾ പൂർണ്ണമായും പുനരുദ്ധാരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിശ്ചയിച്ച തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനു പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയതുക നൽകുന്നതുവഴി എറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. മതിയായ തുക വകയിരുത്താതതിനുള്ള കാരണം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം-21/29-11-2021 മറുപടി ലഭിച്ചിട്ടില്ല.

## 1-21 മാലിന്യ സംസ്കരണ സംവിധാനം-അവലോകനം

സർക്കാർ ഉത്തരവ് സാധാ നം./2420/2017 ത.സ്വ.ഭ.വ. തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ

കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും തുടർന്ന് ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പ് വരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ദ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.

മേൽ ഉത്തരവ് പ്രകാരം മണ്ണാർക്കാട് മുൻസിപാലിറ്റിയിൽ ഫെബ്രുവരി /2020 യിലാണ് ഹരിത കർമ്മസേന പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി നഗരസഭയിലെ ഓരോ വീടുകളിൽ നിന്നും പ്രതിമാസം 30/- രൂപ നിരക്കിലും, വലിയ സ്ഥാപനങ്ങളിൽ നിന്നും ആഴ്ച്ചയിൽ 50/- രൂപ നിരക്കിലും ചെറിയ സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം 50/- രൂപ നിരക്കിലും നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഫീസ് ഈടാക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ (സൗത്ത് ഇൻഡ്യൻ ബാങ്ക്) ഒടുക്ക് വരുത്തുന്നുണ്ട്.

തുടക്കത്തിൽ 30 പേരുണ്ടായെങ്കിലും നിലവിൽ 18 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ആദ്യത്തെ മൂന്ന് മാസം ഹരിത കർമ്മ സേനക്ക് വേണ്ട എല്ലാ വിധ സഹായവും SUF (Socio Economic Foundation) മുഖേനയാണ് നടത്തിയിട്ടുള്ളത്. ഈ സംഘം മുഖേന അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ നഗരസഭ സ്വന്തം നിലക്ക് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തൻ വർഷത്തിൽ 140107- രൂപ (വി ജി എഫ്) തനത് ഫണ്ടിൽ നിന്നും ഹരിത സേന അംഗങ്ങൾക്ക് വേതനം നൽകിയിട്ടുണ്ട്.

അജൈവമാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസ്സുകൾ SUF (Socio Economic Foundation) മുഖേന നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കടകളിലും നിന്നും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്.

അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രം ബസ് സ്റ്റാൻറ്റിലുള്ള പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. എന്നാൽ നിലവിൽ പ്രവർത്തിക്കുന്നത് പഴയ കെട്ടിടത്തിലാണ്. എം സി എഫിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ക്ലീൻ കേരള മിഷനുമായി എഗ്രിമെന്റ് ചമച്ച് വിറ്റൊഴിക്കുന്നുണ്ട്. 2020-21 ൽ 9000-kg പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള മിഷന് കൈമാറിയിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണം ഊർജിതമായി നടപ്പാക്കുന്നതിനായി 2017-18വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടങ്കൽ 16.50 ലക്ഷം വകയിരുത്തി ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും ഒരു പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങിയിട്ടുണ്ട്. മെഷീൻ ഇത്രയും കാലം ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയിലാണുള്ളത്. മാത്രമല്ല മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണിപൂർത്തീകരിച്ചിട്ടുമില്ല.

സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനും സമിതിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

1) പൂർത്തീകരിക്കാത്ത അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രം



2) ഉപയോഗശൂന്യമായി കിടക്കുന്ന പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്



ഓഡിറ്റ് നിർദ്ദേശം-

1) ഖരമാലിന്യ സംസ്കരണത്തിനായി വാങ്ങിയ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് മെഷീന് ഉപയോഗപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ഹരിത കർമ്മ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടതാണ്.

4) സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുക

5)മെറ്റീരിയൽ ഫെസിലിറ്റേഷൻ സെന്റർ (MCF)സജ്ജീകരിക്കുക

6) വാർഡ് തലത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ തയ്യാറാക്കുക

6)നഗരസഭ മാലിന്യ നിർമ്മാർജ്ജന സംസ്കരണത്തിന് ഉതകുന്ന സ്ഥലം കണ്ടെത്തുക

(ഓഡിറ്റ് എൻക്വയറി നം:39/19-20/2.12.2021 )

1-22 വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ്നം-38/20<br>വാസയോഗ്യമല്ലാത്ത ഭവനം<br>വാസയോഗ്യമാക്കൽ(ജനറൽ)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രൊജക്റ്റ് ഓഫീസർ | അടങ്കൽ-2900000/-<br>ചെലവ് -1187500/<br>തനത് ഫണ്ട് |

| | |
|---|---|
| പ്രൊജക്റ്റ്നം-39/20<br>വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ(sc) | അടങ്കൽ-3600000-<br>ചെലവ് -1537500/<br>ബിൽനമ്പർ-<br>1/20,11-12-20 |

2019 -2020 വർഷത്തെ വീട് പുനരുദ്ധാരണം രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയിട്ടും ചില ഗുണഭോക്താക്കൾ ഇതുവരെയായി പുനരുദ്ധാരണ പ്രവർത്തികൾ നടത്തിയിട്ടില്ല എന്ന് വ്യക്തമായി. ഈ ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണം പൂർത്തിയാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണ്. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് വീട് പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ (ജനറൽ) | പേര്-വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മണി,വാർഡ്-15 | 12500/-07-02-20 |
| 2 | വിജയലക്ഷ്മി, വാർഡ്-5 | 12500/-07-02-20 |
| 3 | അബ്ദുൽഹമ്മീദ്,വാർഡ്-5 | 12500/-07-02-20 |
| 4 | ഹാജിറ,വാർഡ്-23 | 12500/-14-10 |

| ക്രമ നമ്പർ (എസ് സി) | പേര്-വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മാളു പി | 37500/-11-12-20 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി വീട് പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും, തുടർനടപടികളും ഉറപ്പാക്കേണ്ടതാണ്.

## 1-23 അഗതിരഹിത കേരളം- ഗുണഭോക്തൃത ലിസ്റ്റിൽ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. 09-03-2019 മണ്ണാർക്കാട് നഗരസഭയിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 286 പൊതു വിഭാഗവും 88 എസ് സി കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അഗതിരഹിത കേരളം നടപ്പാകുവാൻ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം കൃത്യമായി സർവ്വേ നടത്തി തയ്യാറാക്കിയതായി കാണുന്നില്ല.

അംഗീകരിച്ച ലിസ്റ്റിൽ പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 17455500-- രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 4000000-. രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിൽ പ്രൊജക്ട പ്രകാരം വിവിധ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു.

| ഇനം | ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 374 |
| മരുന്ന് | 0 |
| വസ്ത്രം | 374 |
| ഭവനം | 0 |
| വിദ്യാഭ്യാസം | 0 |

| | |
|---|---|
| കക്കൂസ് | 0 |
| ഭവനപുനരുദ്ധാരണം | 0 |
| വൈദ്യുതി | 0 |
| വെള്ളം | 0 |
| ഭൂമി | 0 |

പ്രൊജക്ട് അംഗീകാരം ലഭിച്ച് 2 വർഷത്തിനകം ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളു. പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ ഭവനം. കുടിവെള്ളം, കക്കൂസ്, വൈദ്യുതി ,ഭൂമി മുതലായവ ലഭ്യമാക്കുന്നതിന് അംഗീകരിച്ച ലിസ്റ്റിൽ അവശ്യകാരില്ലായെന്നാണ് മനസ്സിലാക്കുന്നത്. മൂന്ന്പദ്ധതികൾ പ്രകാരം 1700000/- രൂപ പ്ലാൻ ഫണ്ട് ലഭ്യമായതിൽ മുഴുവൻ തുകയു ഭക്ഷണ വിതരണത്തിന് ചെലവഴിച്ചിട്ടുണ്ട്. 2019-20 ചലഞ്ച് ഫണ്ട് 1333333- ലഭിച്ചുപയോഗിച്ച് ഭക്ഷണ വിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്നാണ് നിർദ്ദേശം എന്നാൽ നഗരസഭയിൽ ഇപ്രകാരമുള്ള ലിസ്റ്റ് കുടുംബശ്രീ മുഖേന തയ്യാറാക്കിയിട്ടില്ല.

അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (കനറാ ബാങ്ക്-mnkd-0847101053497)

1) അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്.

2) ഒരു സ്ഥാപനത്തിന് ഒരൊറ്റ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നതിനു പകരം തനത് ഫണ്ടിനും, പ്ലാൻ ഫണ്ടിനും രണ്ട് ക്യാഷ് ബുക്കാണ് സൂക്ഷിച്ചിട്ടുള്ളത്. ടി.ആർ-7എ കാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കുടുംബശ്രീയിൽ - ടി.ആർ-7എ ക്യാഷ് ബുക്കിനു പകരം രജിസ്റ്ററിലാണ് എഴുതുന്നത്.

3. അഗതിരഹിത കേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചുനൽകേണ്ടതാണ്. വിലയുരുത്തൽ സമിതി യോഗം ചേർന്നതിന്റെ മിനുട്ട്സ് ഹാജരാക്കേണ്ടതാണ്.

1-24 ആശ്രയ പദ്ധതി- എസ് സി ഫണ്ട് ചെലവഴിച്ചതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 37/20-ആശ്രയ (എസ്.സി)<br>265/20-ആശ്രയ (എസ്.സി) | അടങ്കൽ/ഫണ്ടിനം<br>അടങ്കൽ/ഫണ്ടിനം | 600000(plan SC)<br>600000(Plan SC) |
| ചെലവ് | 37/20 -600000<br>265/20-600000 | നിർവ്വഹണം | പ്രൊജക്ട്ഓഫീസർ |
| ബിൽ നം | 3/19-20/10.2.20 | ബിൽനം | 2/19-20/19-20 /10.5.19 |

മേൽ പ്രൊജക്ടുകൾ പ്രകാരം എസ്.സി ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്ക് സി.ഡി.എസ്

അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്.ചെലവഴിച്ച തുകകളുടെ ധനവിനിയോഗ വിവരം സംബന്ധിച്ച് 2019-20 ൽ പ്രത്യോകം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ആതയിനാൽ ചെലവഴിച്ച തുക നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇച്ച സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി-36/2-12-21 നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം-

1) എസ് സി ഫണ്ട് ചെലവഴിച്ചതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2)രജിസ്റ്ററിൽ വരവ്- ചെലവ് ,നീക്കിയിരിപ്പ് എന്നിവ എഴുതി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി വെയ്ക്കേണ്ടതാണ്.

1-25 അംഗനവാടികൾക്ക് അമൃതം ഫുഡ്സ്-വാങ്ങലുകളുടെ ബില്ലിൽ നിന്നും 2% ടി.ഡി.എസ്- ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.

നഗരസഭയിൽ 2019-20 -ൽ അനുപൂരക പോഷകാഹാര വിതരണം സംബന്ധിച്ച് തഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 31/20 അങ്കണവാടി പോഷകാഹാര പദ്ധതി- ജനറൽ | പ്ലാൻ ജനറൽ | 2100000 | 2080833 |
| | കേന്ദ്ര ഫണ്ട് | 1200000 | 1198515 |
| | ആകെ | 3300000 | 3279348 |

പ്രോജക്റ്റ് നം. 31/20 പ്രകാരം 1341403 /-- രൂപ അമൃതം ഫുഡ്സ്,തച്ചമ്പാറ (കുടുംബശ്രീയൂണിറ്റ്- GSTIN :32AAXFA6272H3Z4) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ വാങ്ങലുകളിന്മേൽ GST ബാധകമായിട്ടുള്ള സാധനങ്ങളുടെ പർച്ചേസ് ബില്ലിൽ നിന്നും 2% ടി.ഡി.എസ്- ഈടാക്കിയിട്ടില്ല.GST ചുമത്തിയിട്ടുള്ള സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ 2.5 ലക്ഷത്തിൽ അധികരിച്ചുള്ള ബില്ലുകളിൽ നിന്ന് GST ഒഴികെയുള്ള തുകയുടെ 2% TDS ഈടാക്കി അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം:29/19-20/30.11.21)
ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഇൻവോയ്സ് നം. | ബിൽ തുക | നികുതി ഒഴികെയുള്ള തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി -ടി.ഡി.എസ് |
|---|---|---|---|---|
| 1 | 205,10-03-20 | 15406- | 14756 | 295.12 |
| 2 | 118,20-04-19 | 28277 | 27839 | 556.78 |
| 3 | 117,20-04-19 | 75110 | 73960 | 1479.2 |
| 4 | 112,09-04-19 | 93150 | 88803 | 1776.06 |
| 5 | 129,18-05-19 | 91124 | 86872 | 1737.44 |
| 6 | 125,10-05-19 | 87723 | 86335 | 1726.7 |

| | | | | |
|---|---|---|---|---|
| 7 | 126,10-05-19 | 40637 | 40000 | 800 |
| 8 | 149,20-07-19 | 89302 | 85050 | 1701 |
| 9 | 142,15-06-19 | 92137 | 87837 | 1756.74 |
| 10 | 141,11-06-19 | 41215 | 40553 | 811.06 |
| 11 | 139,11-06-19 | 83925 | 82575 | 1651.5 |
| 12 | 193,15-02-20 | 15033 | 14317.5 | 286.35 |
| 13 | 194,15-02-20 | 99225 | 94500 | 1890 |
| 14 | 192,06-02-20 | 27409 | 26105 | 522.1 |
| 15 | 184,13-01-20 | 96248 | 91665 | 1833.3 |
| 16 | 189,10-01-20 | 27172 | 25878 | 517.56 |
| 17 | 190,10-01-20 | 14604 | 13908 | 278.16 |
| 18 | 179,7-12-19 | 95735 | 91125 | 1822.5 |
| 19 | 175,18-11-2019 | 94263 | 89775 | 1795.5 |
| 20 | 164,26-09-19 | 94263 | 89775 | 1795.5 |
| 21 | 160,17-08-19 | 94263 | 89775 | 1795.5 |
| ആകെ | | | 1341403 | 26828/- |

GST ബാധകമായിട്ടുള്ള സാധനങ്ങളുടെ പർച്ചേസ് ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ബിൽ തുക അനുവദിക്കുമ്പോൾ GST ബാധകമായിട്ടുള്ള സാധനങ്ങളുടെ പർച്ചേസ് ബില്ലുകളിൽ നിന്ന് നികുതികൾ കുറവ് ചെയ്ത് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-26 മുൻകൂറായി നൽകുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല

2019-20 വർഷത്തിൽ നൽകിയ താഴെ പറയുന്ന അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ ഓരോ വർഷത്തെയും അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഉദ്ദേശം | നൽകിയത് | തുക | ചെക്ക് നം./തീയതി | ഫയൽ നം. | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വുഡ് കട്ടിംഗ് അഡ്വാൻസ് | സാജേഷ് മോൻ.എസ് | 5000 | 21900233 /1.7.19 | സി1/3329/19 | തുക 5.6.21 ന് തിരിച്ചടച്ചു. എന്നാൽ 18% പലിശ ഈടാക്കിയില്ല |
| 2 | കേരളോൽസവം | സാജേഷ് മോൻ.എസ് | 75000 | 21900576 /8.11.19<br>21901069 /31.3.20-30300 | സി1-13468/19 | 12/19 ൽ അഡ്വാൻസ് ക്രമീകരിച്ചായി ഫയലിൽ രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും രേഖകൾ ഇല്ല |
| 3 | ഫെസ്റ്റിവൽ അഡ്വാൻസ് | സി മോഹനൻ | 15000 | 21900404 /31.8.19 | | 6000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. |

തുക തിരികെ അടവാക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ വൗച്ചർ നമ്പർ സഹിതം ലഭ്യമാക്കാനും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 53/3.12.21)മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ക്രമീകരിക്കാത്ത അഡ്വാൻസുകൾ സർക്കാർ ഉത്തരവ് (പി)419/2011 ധനം തീയതി:04.10.2011 പ്രകാരം 18% പലിശ സഹിതം ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തിക്കായി താഴെപ്പറയുന്ന പദ്ധതി പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 64/20 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും മാറ്റലും | 21900872/3.2.20 | 110000 | വാട്ടർ അതോറിറ്റി (അക്കൗണ്ട് നം.67150213827) |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിച്ചപ്പോൾ പ്രവർത്തി നടപ്പിലാക്കുന്ന ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല. ഈ പദ്ധതിക്കായി വകയിരുത്തിയ പദ്ധതിവിഹിതത്തിന്റെ ബിൽ 2019-20 വർഷത്തിൽ ക്യൂ-ബിൽ ആയതിനാൽ പദ്ധതിവിഹിതം തുക 2020-21 വർഷത്തിലാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

പദ്ധതി പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(37/2.12.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-28 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - മാർഗ്ഗനിർദ്ദേശം പാലിക്കാതെ നിർവ്വഹണം നടത്തി

പ്രൊ.നം. 83/20 9-വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ആകെ അടങ്കൽ-1600000, ധനകാര്യകമ്മീഷൻ ഗ്രാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് : 1600000/-

| ബിൽ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 17/181.20 | 400000 | PKDBC-000096/18.11.19 |
| 18/181.20 | 400000 | PKDBC-000095/16.11.19 |
| 19/181.20 | 400000 | PKDBC-000090/13.11.19 |
| 20/181.20 | 400000 | PKDBC-000083/4.11.19 |

അക്രഡിറ്റഡ് ഏജൻസികളായ KSIE,സിൽക്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസെസ് -KSIEഎന്ന സ്ഥാപനത്തിൽ നിന്നും ഒരു പോസ്റ്റിൽ 4 എൽ ഇഡി വിളക്കുകൾ സ്ഥാപിക്കുന്നതിന് 100000 രൂപ നിരക്ക് രേഖപ്പെടുത്തിയ KSIE (കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലി.)യുടെ മിനി മാസ്റ്റ് ലൈറ്റുകൾ വാങ്ങാൻ തീരുമാനിച്ചു. 22.7.19

തിയതിയിലെ 15 നമ്പർ തീരുമാനപ്രകാരം ഭരണ സമിതി കൗൺസിൽ അംഗീകരിക്കുകയും 27.7.2019 തിയതിയിലെ എ2(ടo)83/20നമ്പർ കത്ത് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

16 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി കെ എസ് ഇ ബിയും വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു .

എ) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 500000രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.

ബി)ഈ പർച്ചേസ് നടത്തുന്നത് സംബന്ധിച്ച് നഗരസഭയുടെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

സി)തെരുവ് വിളക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഡി)04-07-2019ലെ G.O.(P)നം. 77/2019/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 13 പ്രകാരം KSIE എന്ന സ്ഥാപനത്തിന് 'General Civil Construction Works As PMC' ആയി പ്രവർത്തിക്കുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ പ്രവൃത്തികളുടെ PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തെ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി ശരിയല്ല. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KSIE എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KSIE ക്ക് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി(നം.10/29.11.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28-1 ആവശ്യമായ മൂല്യത്തിലുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് ചമച്ചില്ല

കേരള ഫിനാൻസ് ആക്ട് 2018 പ്രകാരം 2018 മുതൽ മരാമത്ത് പ്രവർത്തികൾക്കും സേവനങ്ങൾക്കും എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000 രൂപയ്ക്കും 1 രൂപയായും കുറഞ്ഞ മുദ്രപ്പത്രമൂല്യം 200 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 200 രൂപയുടെ മുദ്രപ്പത്രത്തിലാണ്. മുദ്രപ്പത്രത്തിന്റെ മൂല്യത്തിൽ 1400 രൂപയുടെ കുറവ് നിലനിൽക്കുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല

2019-20 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| പദ്ധതി നം. | പേര് | അടങ്കൽ തുക |
|---|---|---|

| | | |
|---|---|---|
| 44/20 | കിണർ റീചാർജ്ജിംഗ് | 229500വികസനഫണ്ട്-200000<br>തനത്-6550<br>മറ്റുള്ളവ-22950 |
| 45/20 | തെരുവ് വിളക്ക് റിപ്പയറിംഗ് | 1600000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| 277/20 | ഓഫീസ് ഹാളിലേക്കും കൗൺസിൽ ഹാളിലേക്കും മൈക്ക് സെറ്റ് വാങ്ങൽ | 296000(പ്ലാൻ 196000<br>തനത് ഫണ്ട്-100000) |

അംഗീകാരം നേടിയ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/29.11.21) മറുപടി ലഭ്യമാക്കിയില്ല. വികസനഫണ്ട് വകയിരുത്തി ആവിഷ്കരിക്കുന്ന പദ്ധതികൾ അതാത് വർഷം നടപ്പിലാക്കിയില്ലെങ്കിൽ ഫണ്ട് ലാപ്സാവുന്നതിന് ഇടയാവുകയും സ്പിൽ ഓവറായി അടുത്ത വർഷം നടപ്പിലാക്കുമ്പോൾ അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്യുന്ന സാഹചര്യം ആണ് ഉണ്ടാവുന്നത്. ആവിഷ്കരിക്കുന്ന പദ്ധതികൾ അതാത് വർഷം തന്നെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-30 പ്രൊജക്ട് ആവിഷ്കരിക്കാതെ ചെലവുകൾ നടത്തി

താഴെപ്പറയുന്ന പ്രവൃത്തിക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനു പകരം പെറ്റി വർക്ക് എന്ന രീതിയിലാണ് തുകകൾ ചെലവഴിച്ചിരിക്കുന്നത്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഫയൽ നം. | വൗച്ചർ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|
| 1 | മുനിസിപ്പൽ ഹാളിൽ ട്രസ് വർക്ക് | ഇ ഇ1/8078/19 | 21900438/2.9.19-30000<br>21900192/136.19-30000 | 60000 | ദേവദാസ് .PWO |

ചെയർമാന്റെ മുൻകൂർ അനുമതിയോടുകൂടി അടിയന്തിര സാഹചര്യത്തിൽ ചെയ്ത പ്രവർത്തിയാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി നടപ്പിലാക്കിയതിനുശേഷം പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയോ സാധൂകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ദിവസവേതനക്കാരനായ ഓവർസിയറുടെ പേരിൽ മുൻകൂർ അനുവദിച്ച് പിന്നീട് ക്രമീകരിക്കുന്ന രീതിയിലാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. പ്രവർത്തി നടപ്പിലാക്കുന്നതിന് ക്വട്ടേഷൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കരാർ പ്രവർത്തിയായി ചെയ്യുന്നതിനു പകരം ഓവർസിയർ നേരിട്ട് പ്രവർത്തി നടപ്പിലാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിക്കാതെ ഇത്തരത്തിൽ പ്രവർത്തി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/3.12.2021) മറുപടി ലഭ്യമാക്കിയില്ല.

2) നഗരസഭയിലേക്ക് പാത്രങ്ങൾ വാങ്ങൽ

തനത് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന വൗച്ചർ പ്രകാരം പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനു പകരം പെറ്റി പർച്ചേസ് എന്ന

രീതിയിലാണ് തുകകൾ ചെലവഴിച്ചിരിക്കുന്നത്. 3 സ്ഥാപനങ്ങളിൽനിന്നും ഹാൻഡ് ക്വട്ടേഷൻ സ്വീകരിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ റുബീന മെറ്റൽസ് എന്ന സ്ഥാപനത്തിൽനിന്നുമാണ് പാത്രങ്ങൾ വാങ്ങിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | ഫയൽ നം. | വൗച്ചർ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|---|
| 1 | സ്റ്റീൽ പാത്രങ്ങൾ വാങ്ങൽ | പി എച്ച്1-12557/19 | 1900912/24.2.20- | 41400 | റുബീന മെറ്റൽ സ്റ്റോർ |

പ്രൊജക്റ്റ് തയ്യാറാക്കാതെ ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/3.12.2021) ഹരിതഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി ചെലവ് നടത്തേണ്ടിവന്നതിനാലാണ് പ്രൊജക്റ്റ് അംഗീകാരം ലഭ്യമാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് ചെലവഴിക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി പാലിച്ചുകൊണ്ട് മാത്രമാണ് പ്രൊജക്റ്റ് ആവിഷ്കരിക്കാതെ ചെലവുകൾ നടത്താവുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-31 നഗരസഭാ പെൻഷൻ ഫണ്ട് -നിലവിലെ സ്ഥിതി

2015-16ൽ രൂപീകൃതമായ മണ്ണാർക്കാട് നഗരസഭയിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 31.03.2020വരെ ഈടാക്കിയ തുക പൂർണ്ണമായും പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. മുനിസിപ്പൽ കണ്ടിൻജന്റ് വിഭാഗത്തിൽ സ്ഥിരം ജീവനക്കാരെ നാളിതുവരെ നിയമിച്ചിട്ടില്ല. നഗരസഭയിൽ നിലവിൽ റഗുലർ/കണ്ടിൻജന്റ് വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർ ആരും തന്നെയില്ല.

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജൻറ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം ആയി മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ് )റൂൾസ് 1997 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയിൽ കണ്ടിൻജന്റ് വിഭാഗം സ്ഥിരം ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിൽ പെൻഷൻ വിഹിതം നിക്ഷേപിക്കുന്നതിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് നാളിതുവരെ ആരംഭിച്ചിട്ടില്ല. കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പെൻഷൻ ഫണ്ട് വിവരങ്ങൾ വ്യക്തമാക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 1-32 പി എം എ വൈ പദ്ധതി- അപാകതകൾ

പി.എം.എ.വൈ. പദ്ധതി പ്രകാരം 2019-20 വർഷം സെക്രട്ടറി താഴെ പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം./ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| 41/20: പി.എം.എ.വൈ. പദ്ധതി (ജനറൽ) | വികസന ഫണ്ട് (ജനറൽ) | 3629579 | 3629579 |
| 42/20 പി.എം.എ.വൈ. പദ്ധതി (എസ്.സി.പി) | വികസന ഫണ്ട് (എസ്.സി.പി) | 620000 | 620000 |
| 270/20പി.എം.എ.വൈ. | വികസന | 75000 | 75000 |

| | | | |
|---|---|---|---|
| പദ്ധതി (എസ്.ടി) | ഫണ്ട് (ടി.എസ്.പി) | | |
| 271/20പി.എം.എ.വൈ. പദ്ധതി (എസ്.സി.പി) | വികസന ഫണ്ട് (എസ്.സി.പി) | 3080000 | 2725000 |
| ആകെ | | | 7049579 |

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് പി എം എ വൈ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിൽ ബാങ്ക് ഓഫ് ബറോഡയിലുള്ള അക്കൗണ്ട് നം. 10466 (5333) നിക്ഷേപിച്ചാണ് ചെലവുകൾ നടത്തുന്നത്.

- പദ്ധതിയുടെ ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് സ്റ്റേറ്റ്മെന്റിൽ (സുലേഖ)പദ്ധതി വിഹിതത്തിൽ നിന്നും ചെലവ് വന്നിട്ടുള്ള ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഷ്കൃതം, കേന്ദ്രവിഹിതം, ലോൺ വിഹിതം എന്നിവ പദ്ധതിചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷികകണക്കിലെ രേഖപ്പെടുത്തൽ പ്രകാരം ഹൗസിംഗ് ഗ്രാന്റ് (ഹെഡ് കോഡ്-250501607) ചെലവ് തുക115465000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.
- പദ്ധതി ഫണ്ട് ഒഴികെ 2019-20 വർഷത്തിൽ സംസ്ഥാനവിഷ്കൃതം, കേന്ദ്രവിഹിതം, ലോൺ വിഹിതം എന്നിങ്ങനെ മറ്റ് ഫണ്ടുകൾ ചെലവഴിച്ചതിന്റെ വിവരം വ്യക്തമാകുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പി എം എ വൈ ഭവനപദ്ധതിയുടെ ആകെ വരവ്, ചെലവ് കൃത്യമായിട്ടാണോ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ് നഗരസഭയിൽ നിലവിലുള്ളത്.
- ഓരോ ഗുണഭോക്താവിനും ഗഡുക്കൾ അനുവദിക്കുമ്പോൾ അത് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റുന്നതിന്റെ വിവരങ്ങൾ കമ്പ്യൂട്ടറിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

  പി എം എ വൈ ഭവനപദ്ധതിപ്രകാരം 2019-20 വരെ ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| വിഭാഗം | എണ്ണം |
|---|---|
| ജനറൽ | 781 |
| എസ് സി പി | 84 |
| ടി എസ് പി | 3 |
| ആകെ | 868 |

ഈ ഗുണഭോക്താക്കളിൽ 753 പേർക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

## 1-32-1 ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം താഴെചേർക്കുന്നു.

| | |
|---|---|
| ഒരു ഗഡുമാത്രം കൈപ്പറ്റിയവരുടെ എണ്ണം | 18 |
| രണ്ടു ഗഡു കൈപ്പറ്റിയവർ | 75 |
| മൂന്ന് ഗഡുകൈപ്പറ്റിയവരുടെ എണ്ണം | 149 |
| നാല് ഗഡു കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | 511 |

ഒരു ഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | ആദ്യഗഡു കൈപ്പറ്റിയ തീയതി | അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| 1 | വിജയ പി.കെ | 30000 | 21/7/2017 | 67250185678 |
| 2 | കമറുന്നീസ.കെ | 25000<br>15000 | 13/1/2020 | 14090100175996 |
| 3 | സുമതി കെ.പി | 25000 | 6/10/2018 | 202601051000370 |
| 4 | വഭിത പി.സി | 40000 | 13.1.20 | 847101046236 |
| 5 | രാജൻ കെ | 25000 | 4/8/2018 | 67092501592 |
| 6 | ദേവകി കെ | 25000 | 4/8/2018 | 202601231000992 |
| 7 | അമ്മാളു | 25000 | 4/8/2018 | 35585814403 |
| 8 | പ്രീത | 25000 | 24/11/2018 | 20238806828 |
| 9 | സുഭദ്ര | 25000 | 8/4/2018 | 67174645568 |
| 10 | ഉണ്ണിയാത്തി | 25000 | 2/2/2019 | 67294687656 |
| 11 | വിജയലക്ഷ്മി പി | 25000 | 8/4/2018 | 202601231000930 |
| 12 | മരിയ കെ | 40000 | 13/1/2020 | 32040100006499 |
| 13 | സുഗുണ എ | 40000 | 13/1/2020 | 847101046537 |
| 14 | അസ്മാബി. | 40000 | 2/3/2020 | 847101049485 |
| 15 | കാളി | 40000 | 13/2/2020 | 202601051000825 |
| 16 | പാർവതി സി | 40000 | 13/2/2020 | 202601051001476 |
| 17 | ഫാത്തിമ.കെ | 40000 | 18/7/2019 | 67244676857 |
| 18 | ദിവ്യ കെ | 40000 | 13/2/2020 | 762702010000452 |

ഇതിൽ ക്രമനം. 4 പ്രകാരമുള്ള ദേവകി എന്ന വ്യക്തി തുക പലിശസഹിതം തിരിച്ചടച്ചിട്ടുണ്ട്. ഇതിൽ ചില ഗുണഭോക്താക്കൾ രണ്ടാം ഗഡു ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക അനുവദിക്കുന്നതിന് നഗരസഭയിൽ തുക ഇല്ലാത്തതിനാൽ ഗഡുക്കൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 39/2.12.2021) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഒരു ഗഡു മാത്രം കൈപ്പറ്റി ഭവനനിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

## 1-32-2 പി എം എ വൈ പദ്ധതി- ഗഡുക്കൾ വിതരണം ചെയ്യുന്നത് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പി.എം.എ.വൈ. ഭവനപദ്ധതി പ്രകാരം ഭവനനിർമാണത്തിനുള്ള തുക അനുവദിക്കുന്നത് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 39/2.12.2021) വിവരങ്ങൾ കമ്പ്യൂട്ടറിൽ തയ്യാറാക്കിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 1-32-3 പി എം എ വൈ പദ്ധതി-അനുവദനീയമായതിലും അധികം തുക അനുവദിച്ചു

കമ്പ്യൂട്ടറിൽ തയ്യാറാക്കിയിരിക്കുന്ന പി എം എ വൈ ഇൻസ്റ്റാൾമെന്റ് നൽകിയതിന്റെ വിവരം കാണിക്കുന്ന പത്രിക പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഗഡു അനുവദിച്ചിട്ടുള്ളതിൽ അനുവദനീയമായതിലും അധികമായി തുക അനുവദിച്ചിട്ടുള്ളതായി കണ്ടെത്തി. അനുവദനീയമായ തുക 400000 മാത്രമാണ് . അധിക തുക അനുവദിച്ചവരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഡി പി ആർ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ആകെ അനുവദിച്ച തുക | അനുവദനീയമായ തുക | അധികം | ഗഡു തീയതി |
|---|---|---|---|---|---|---|---|
| 1 | 1/100 | ശ്രുതി സുബീഷ്, കൊഴക്കോട്ടിൽ ഹൗസ്, പെരുമ്പിടാരി | 67326653330 | 470000 | 400000 | 70000 | 21.7.17-30000<br>7.9.17-120000<br>8.2.18-120000<br>5.7.18-25000<br>6.10.18-25000<br>2.3.19-150000 |
| 2 | 2/81 | മഞ്ജു മഹേഷ്കുമാർ, ശിവഭവനം, ശിവൻകുന്ന് | 202601011006050 | 500000 | 400000 | 100000 | 4.8.18-25000<br>12.12.18-100000<br>17.6.19-100000<br>14.3.19-100000<br>13.1.20-175000 |
| 3 | 2/148 | അനിത.എസ് സുനിൽകുമാർ, സ്രാമ്പിക്കൽ | 202601010013155 (Vijaya Bank)<br>20368961933 (SBI) | 425000 | 400000 | 25000 | 4.8.18-25000<br>4.9.18-25000<br>15.10.18-100000<br>2.2.19-100000<br>18.7.19-175000 |
| 4 | 2/353 | നസീറ.കെ അബ്ദുൾ അസീസ് കുളത്തൂർ, നായാടികുന്ന് | 37010100006276 | 500000 | 400000 | 100000 | 4.8.18-25000<br>15.10.18-100000<br>19.12.18-100000<br>19.12.18-100000<br>26.7.19-175000 |
| 5 | 3/26 | റജീനഎ.എ അൻവർ ചേലക്കാട്ടുതൊടി, നമ്പിയൻപടി | 4803001700010208 | 500000 | 400000 | 100000 | 4.9.18-25000<br>15.10.18-100000<br>19.12.18-100000<br>19.12.18-100000<br>28.3.19-25000<br>22.5.19-150000 |
| | ആകെ അധികം നൽകിയത് | | | | | 395000 | |

അധികം നൽകിയ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2020-21 വർഷത്തിൽ അവസാനഗഡു നൽകിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്കും തുക അധികം അനുവദിച്ചിട്ടുണ്ട്.

| ഡി പി ആർ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ആകെ അനുവദിച്ച തുക |
|---|---|---|---|
| 2/109 | ജാനകി.വി.എസ് സുബ്രഹ്മണ്യൻ, വട്ടപ്പറമ്പിൽ, തെന്നാരി | 33426357679 | 475000 |

| | | | |
|---|---|---|---|
| 2/356 | സരസ്വതി എം പി പഴനിയപ്പൻ,കോയക്കോട്ടിൽ | 202601231000296 | 450000 |
| 4/32 | സൈനബ പി കമ്മു പനച്ചിക്കൽ | 202601012000050 | 420000 |

- മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ഫയൽ ലഭ്യമാക്കിയെങ്കിലും തുക അനുവദിച്ചതിന്റെ രേഖകൾ ഫയലിൽ നിന്നും വ്യക്തമാകുന്നില്ല.
- അധികമായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് അധികം തുക നൽകിയത് പരിശോധിച്ച് കണ്ടെത്തി ആയത് ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.39/19-20/2.12.2021

1-32-4 പി എം എ വൈ മാനദണ്ഡപ്രകാരം ഗഡുക്കൾ നൽകുന്നില്ല.

പി എം എ വൈ മാർഗരേഖപ്രകാരം 4 ഗഡുക്കളായിട്ടാണ് തുക വിതരണം ചെയ്യേണ്ടത്. ആദ്യഗഡു-40000, രണ്ടാംഗഡു-160000, മൂന്നാംഗഡു-160000, നാലാംഗഡു-40000 എന്നിങ്ങനെയാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കേണ്ടത്. എന്നാൽ മണ്ണാർക്കാട് നഗരസഭയിൽ ചില ഗുണഭോക്താക്കൾക്ക് ആറ്/ ഏഴ് ഗഡുക്കളായിട്ടാണ് തുക വിതരണം ചെയ്തിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഡി പി ആർ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | തീയതി-ഗഡുക്കൾ |
|---|---|---|---|
| 2/42 | ഖദീജ മുഹമ്മദ് ഹനീഫ | 99980101365554 | 28/3/19-25000<br>26/7/19-100000<br>11/12/19-100000<br>2/3/20-65000<br>8/6/20-60000<br>21/11/20-10000<br>6/1/21-40000 |
| 2/31 | ഷാഹിന ടി പി അബ്ദുൾ ജലീൽ | 20248557969 | 4/8/18-25000<br>2/2/19-100000<br>8/5/19-100000<br>2/3/20-65000<br>8/6/20-60000<br>21/11/20-10000<br>6/1/21-40000 |

ഇത്തരത്തിൽ തുക വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കേന്ദ്ര, സംസ്ഥാന വിഹിതം കൃത്യമായി ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ

പൊതുജനങ്ങൾ നിരന്തരം നഗരസഭയെ സമീപിക്കുകയും പാതിവഴിയിൽ നിന്നുപോയ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി തുക അനുവദിക്കേണ്ട സാഹചര്യം വന്നുചേർന്നതിനാലും നഗരസഭയിൽ ലഭ്യമായ തുക മുഴുവൻ ആളുകൾക്കും പൂർണ്ണ ഗഡുക്കളായി നൽകാൻ കഴിയാതെ വന്നതിനാലും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുമാണ് നഗരസഭയിൽ ലഭ്യമായ തുക വിഭജിച്ച് നൽകേണ്ടിവന്നത് എന്ന് അറിയിച്ചു. പി എം എ വൈ മാനദണ്ഡപ്രകാരം തന്നെ ഗഡുക്കൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.39/2.12.2021)

## 1-33 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തിയിട്ടില്ല

ഫയൽ നം.എ1/14772/17

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ നഗരസഭ 90009രൂപ വീതം പ്രതിമാസം വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. 5250 രൂപ നിരക്കിൽ 137 ടാപ്പുകൾക്കുള്ള തുകയാണ് നൽകുന്നത്.

എ)വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക നിലനിൽക്കുന്നു

3/19 ൽ വാട്ടർ അതോറിറ്റി നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 438692രൂപ കുടിശ്ശികയും7930 രൂപ ഫൈനും ഒടുക്കാനുണ്ട്. മാർച്ച് 2020 ൽ ലഭ്യമാക്കിയ ഡിമാന്റിൽ കുടിശ്ശിക തുക 363441രൂപയും ഫൈൻ 6325രൂപയുമാണ്. എല്ലാ മാസവും 90009 രൂപ തനത് ഫണ്ടിൽനിന്ന് ഒടുക്കുന്നുണ്ട്. കുടിശ്ശിക ഏത് കാലയളവിലെയാണെന്നും നാളിതുവരെ കുടിശ്ശിക ഒടുക്കാതിരുന്നതിന്റെ കാരണവും വ്യക്തമല്ല. കുടിശ്ശിക തീർപ്പാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ ആവശ്യെപ്പെട്ടെങ്കിലും പ്രസ്തുത വിവരങ്ങളൊന്നും ലഭ്യമാക്കുകയുണ്ടായില്ല.

ബി) നിലനിൽക്കുന്ന കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

കുടിശ്ശിക തുക നഗരസഭയുടെ വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല

സി)സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ സംയുക്തപരിശോധന നടത്തിയിയിട്ടില്ല. 2020 വർഷത്തിൽ സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

ഡി) പൊതുടാപ്പുകളുടെ രജിസ്റ്റർ

വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇ)ഗാർഹിക കണക്ഷൻ അനുവദിച്ചതിന്റെ വിവരം

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ പദ്ധതിയുടെ സമീപനം. ഓഡിറ്റ് വർഷത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക അതാത് മാസം തന്നെ ഒടുക്കുവാനും കുടിശ്ശിക വരുത്താതിരിക്കുവാനും വൻ തുക ഒടുക്കുന്നതിനുള്ള സാഹര്യം ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
- നിലനിൽക്കുന്ന കുടിശ്ശിക തീർപ്പുകൽപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്
- വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- സംയുക്തപരിശോധന നടത്തിയതിനുശേഷം വാർഡ് അടിസ്ഥാനത്തിലുള്ള പൊതുടാപ്പുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഗാർഹികകണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനും പ്രസ്തുത ടാപ്പുകളുടെ കുടിവെള്ളചാർജ് ഒടുക്കുന്നത് സമയാസമയം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 നഗരസഭാസെക്രട്ടറിയുടെ ക്വാർട്ടേഴ്സിലേക്ക് ഫർണിച്ചറുകൾ വാങ്ങിയത്

നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. നഗരസഭാ ചെയർമാന്റെ മുൻകൂർ അനുമതിയോടുകൂടിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

| ഫയൽ | വൗച്ചർ നമ്പർ | തുക | ഉപകരണ ങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| എ1-12547/19 | 21900630/5.12.19 | 15500 | വുഡൻ കട്ടിൽ-1 തലയിണ നം./തീയതി എന്നിവ എന്നിവ രേഖപ്പെടുത്താത്തതും നികുതി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ഇൻവോയിസ് | ഹാൻഡ് ക്വട്ടേഷൻ സ്വീകരിച്ച് എച്ച് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി |
| | 21900632/5.12.19 | 9350 | അലമാര-1 ഓഫീസ് ടേബിൾ-1 | സെന്റ് മേരീസ് സ്റ്റീൽ ഫർണിച്ചർ വർക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് |
| | 21900654/7.12.19 | 4900 | ഇന്റർനെറ്റ് കണക്ഷൻ എടുത്തതിനുള്ള തുക സെൽഫ് ചെക്കായി പിൻവലിച്ചത്. | മോഡം വാങ്ങിയതിനുള്ള തുക |
| | ആകെ | 29750 | | |

കണ്ടിജന്റ് ചെലവുകളായാണ് മേൽപറഞ്ഞ ചെലവുകളെല്ലാം നിർവഹിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നത് സ.ഉ(കൈ) നം. 15/2017/തസ്വഭവ, തീയതി-16.1.2017 പ്രകാരമാണെന്ന് ഫയലിൽ സെക്രട്ടറി രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരം സ്വന്തമായി ക്വാർട്ടേഴ്സ് ഇല്ലാത്ത നഗരസഭകളിൽ തനത് ഫണ്ടിൽ നിന്നും ക്വാർട്ടേഴ്സ് വാടകക്ക് എടുത്ത് നൽകാം എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

സെക്രട്ടറി ഡിസംബർ 2019ൽ നഗരസഭയിൽ നിന്നും സ്ഥലം മാറ്റപ്പെടുകയും ഗൃഹോപകരണങ്ങൾ നഗരസഭയിലെ സെക്രട്ടറി (ഇൻചാർജ്) തിരികെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ സാധനങ്ങൾ ഉപയോഗിക്കാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുകയാണ്.

- സെക്രട്ടറിയുടെ ക്വാർട്ടേഴ്സിലേക്കുള്ള ഗൃഹോപകരണങ്ങൾ നഗരസഭാ ഫണ്ട് ചെലവഴിച്ച് വാങ്ങി നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് / കൗൺസിൽ തീരുമാനം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല
- മേൽപ്പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല
- ഫയൽ പരിശോധിച്ചതിൽ 2020-21 വർഷത്തിലും കട്ടിൽ, കിടക്ക, മേശ എന്നിവ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 22000447,22000448/17.9.20, തുക-22539)
- ഉപകരണങ്ങൾ നിലവിൽ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് അറിയിക്കേണ്ടതും എപ്രകാരം പ്രയോജനപ്പെടുത്തുന്നു എന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/2.12.21) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-35 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന നടത്തി ക്രമീകരിക്കണം

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

നഗരസഭയിലെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ നഗരസഭയിൽ ഇല്ല

മണ്ണാർക്കാട്, കുമരംപുത്തൂർ എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് നഗരസഭയിലെ തെരുവ് വിളക്കുകൾ സ്ഥിതിചെയ്യുന്നത്. നഗരസഭയിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് നിലവില്ല. തെരുവ് വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കെ എസ് ഇ ബി യുടെ കണക്ക് പ്രകാരം മണ്ണാർക്കാട് സെക്ഷനു കീഴിലെ കൺസ്യൂമർ നമ്പർ 1165206021972നു കീഴിലുള്ള തെരുവ് വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | എണ്ണം |
|---|---|
| എൽ ഇ ഡി1*24 | 120 |
| സി എഫ് എൽ1*11 | 250 |
| ഓർഡിനറി ബൾബ് 1X40 W | 84 |
| സോഡിയം വേപ്പർ ലാമ്പ് | 218 |
| സി എഫ് എൽ2*11 | 42 |
| ഫ്ലൂറസെന്റ് ട്യൂബ്2*40 | 2505 |

സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് നഗരസഭയും കെ എസ് ഇ ബിയുമായി

ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. മേൽ പ്രകാരമുള്ള കെ.എസ്.ഇ.ബി ഡിമാന്റിൽ ഉൾപ്പെടുന്ന ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഉൾപ്പെടുന്നുണ്ട്. തെരുവ് വിളക്കിന്റെ മെയിന്റനൻസ് രേഖകൾ പരിശോധിച്ചതിൽ ഇത്തരം വിളക്കുകളുടെ റിപ്പയർ നടത്തുകയോ ഓഡിറ്റ് വർഷത്തിൽ ഇത്തരം ലൈറ്റുകൾ വാങ്ങുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത വിളക്കുകൾക്ക് വൈദ്യുതചാർജ്ജ് അടാവാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി അടിയന്തിരമായി സംയുക്തപരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

മണ്ണാർക്കാട് സെക്ഷനിലെ 1165206021972 എന്ന കൺസ്യൂമർ നമ്പറിനുകീഴിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ എസ് ഇ ബി യിൽ നിന്നും ഈ കൺസ്യൂമർ നമ്പറിനുകീഴിലെ വിളക്കുകളുടെ വിവരം, നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടും നഗരസഭയിൽ നിന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വൈദ്യുതി ചാർജിന്റെ വിവരം

പ്രതിമാസ വൈദ്യുത ചാർജ്ജ് 4ലക്ഷത്തിനും അഞ്ച് ലക്ഷത്തിനും ഇടയിലാണ് ഒടുക്കുന്നത്. (ഫയൽ നം. എ1/14773)

എ) മണ്ണാർക്കാട് സെക്ഷൻ

3/19ലെ വൈദ്യുത ചാർജ്-420676/-രൂപ

2/20 വൈദ്യുത ചാർജ്-498850/- രൂപ

2019-20 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ കെ എസ് ഇ ബിയിലേക്ക് ഒടുക്കിയിട്ടുള്ളത്.

ബി) കുമരംപുത്തൂർ സെക്ഷൻ -കൺസ്യൂമർ നം1167427019947, 1167429021921 (ഫയൽനം.എ1/14398/17)

പ്രതിമാസ വൈദ്യുതി ചാർജ്ജ്- 7032/-(3/19 പ്രകാരം)

2019-20 വർഷത്തിൽ ആകെ അടവാക്കിയ വൈദ്യുതചാർജ്ജ് 5622710/-രൂപയാണ്. നഗരസഭയിൽ നിലവിലുള്ളത് ഭൂരിഭാഗവും ട്യൂബ്ലൈറ്റുകൾ ആയതിനാലാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഉയർന്നിരിക്കുന്നത്.

തെരുവ് വിളക്ക് മെയിന്റനൻസിന്റെ വിവരം

2019-20 വർഷങ്ങളിലെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പദ്ധതി പ്രകാരം 6 മാസത്തെ റിപ്പയറിനുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം. | ചെലവഴിച്ച തുക |
|---|---|
| SO 279/20- തെരുവ് വിളക്ക് റിപ്പയർ | 424645 |

ഓരോ വിളക്കും റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് വ്യക്തമാക്കാതെയാണ് ടെണ്ടർ നടത്തി പ്രവർത്തി നടപ്പിലാക്കുന്നത്. 6 മാസത്തേക്ക് ആവശ്യമായ അടങ്കൽ നിശ്ചയിച്ച് പ്രസ്തുത തുകക്കാണ് ടെണ്ടർ നൽകുന്നത്. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം ഇല്ലാതെയാണ് തെരുവ് വിളക്ക് റിപ്പയറിന് എ എം സി അനുവദിക്കുന്നത്. റിപ്പയർ ചെയ്ത വിളക്കുകൾ സംബന്ധിച്ച് വാർഡ് കൗൺസിലർമാർ സാക്ഷ്യപത്രം നൽകുന്നുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയൊന്നും നഗരസഭയിൽ നിലവിലില്ല.

നിലാവ് പദ്ധതി

നിലാവ് പദ്ധതി പ്രകാരം എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2021-22 വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടും രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/26.11.21) ലഭ്യമാക്കിയ മറുപടിയിൽ കെ എസ് ഇ ബി യുടെ ഡിമാന്റ് പ്രകാരമുള്ള തുകയാണ് വൈദ്യുത ചാർജ്ജായി ഒടുക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സംയുക്തപരിശോധനയുടെ പുരോഗതി വിവരം സംബന്ധിച്ച് മറുപടിയിൽ പരാമർഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, നഗരസഭാ അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി ആയുസ്സ് കൂടുതൽ ഉള്ളതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

## 1-36 തെരുവു വിളക്കുകളുടെ റിപ്പയർ – പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ സെക്രട്ടറി

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് തുക | ബിൽനം. |
|---|---|---|---|
| SO 279/20-തെരുവ് വിളക്ക് റിപ്പയർ | 436645 | 424645 | 16/19-20 തീ. 18.1.20 |

2018-19 വർഷത്തെ പദ്ധതി സ്പിൽ ഓവറായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ ടെണ്ടർ നടന്നിരിക്കുന്നത് 31.10.18 തീയതിയിലാണ്. ശ്രീ. കൃഷ്ണകുമാർ.വി പവർലൈൻ എഞ്ചിനീയേഴ്സ് എന്ന വ്യക്തിക്ക് ടെണ്ടർ മുഖേന പ്രവൃത്തി നൽകിയിട്ടുണ്ട്. ആറുമാസത്തേക്കുള്ള റിപ്പയർ/മെയിന്റനൻസ് നടത്തുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്. ആകെ കരാർ തുക 788000 രൂപയാണ്. ആദ്യഗഡു 2018-19 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ബിൽ പ്രകാരം 2018 നവംബർ മുതൽ 2019 മേയ് വരെയുള്ള റിപ്പയറിനുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്.

പ്രവർത്തി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് ഓരോ വിളക്കിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തുന്ന

രീതിയിൽ അല്ല. നഗരസഭയിലെ ആകെ തെരുവ് വിളക്കുകൾ 6 മാസക്കാലയളവിലേക്ക് നേരെയാക്കുന്നതിന് മൊത്തതുക കണക്കാക്കിയാണ് ടെണ്ടർ നടത്തിയിരിക്കുന്നത്. പ്രവർത്തിയുടെ അടങ്കൽ നിശ്ചയിച്ചത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല.

2.കരാറുകാരൻ എത്ര തെരുവ് വിളക്കുകൾ നന്നാക്കി, ഓരോ വിളക്കിനും എത്ര തുക ചെലവ് വന്നു, എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തത്, ഏതൊക്കെ സാധന സാമഗ്രികളാണ് മാറ്റി സ്ഥാപിച്ചത് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

3.നീക്കം ചെയ്ത സാധനസാമഗ്രികൾ തിരിച്ചേൽപ്പിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റിൽ ഒരു നിബന്ധനയും ചേർത്തിട്ടില്ല. കേടായ തെരുവ് വിളക്കുകൾ മാറ്റിയത് നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് സ്റ്റോക്ക് റജിസ്റ്ററോ മറ്റ് ഫയലുകളോ സൂക്ഷിച്ചിട്ടില്ല..

4.കരാറുകാരനുമായുള്ള എഗ്രിമെന്റിൽ കേടുവന്ന തെരുവ് വിളക്കുകളുടെ വിശദാംശങ്ങളടങ്ങിയ പരാതി രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിലും സമാനമായ പരാതി റജിസ്റ്റർ സൂക്ഷിക്കണം എന്നും എല്ലാ ദിവസവും കരാറുകാരൻ ടി റജിസ്റ്റർ പരിശോധിച്ച് തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കണമെന്നും പരാതികൾ പരിഹരിച്ച വിശദാംശങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

5.വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിൽ വാർഡിലെ തെരുവ് വിളക്കുകളുടെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാക്ഷ്യപത്രം അല്ലാതെ മറ്റൊരു തെളിവും കരാറുകാരൻ പ്രവൃത്തി തൃപ്തികരമായി ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന വിധത്തിൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

മുനിസിപ്പാലിറ്റിയുടെ അധികാര സംവിധാനത്തിലും മേൽനോട്ടത്തിലും നിലനിൽക്കേണ്ട ഒരു സേവനം കരാറുകാരന്റെ യുക്താനുസരണം ചെയ്യുന്നതിന് വിട്ടുകൊടുക്കുന്ന രീതിയിൽ കരാർ ചമച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

നഗരസഭയിൽ തെരുവ് വിളക്കുകൾ സംബന്ധമായ സ്ഥിതിവിവരങ്ങൾ കാലികമാക്കുന്നതിനും ആയതനുസരിച്ച് ഓരോ വിളക്കിനും കൃത്യമായ നിരക്കുകൾ രേഖപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ച് റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 ദിവസ വേതന നിയമനം- നടപടിക്രമങ്ങൾ പാലിച്ചില്ല.

നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ PWO തസ്തികയിൽ ശ്രീ. എം.ദേവദാസ് എന്നയാളെ നിയമിച്ച് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| വൗച്ചർ നം. | തുക |
|---|---|
| 2190002/1.4.2019 | 18850 |
| 20900081/6.5.2019 | 15950 |
| 21900171/1.6.2019 | 18125 |
| 21900248/1.7/2019 | 16675 |
| 21900312/5.8.2019 | 18500 |
| 21900431/2.9.2019 | 18500 |
| 21900474/11.10.2019 | 14800 |
| 21900588/16.11.2019 | 17020 |
| 21900620/4.12.2019 | 18500 |

| | |
|---|---|
| 21900719/4.1.2020 | 17760 |
| 2190875/13.2.20 | 17760 |
| 21901041/26.3.20 | 17020 |
| ആകെ | 190610 |

നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ സർക്കാർ ജീവനക്കാരായതിനാൽ ശമ്പളം സർക്കാരിൽ നിന്നും നേരിട്ടാണ് നൽകിവരുന്നത്. ആയതിനുള്ള നിശ്ചിത തുക സർക്കാർ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്തശേഷമാണ് നഗരസഭക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതും വേതനം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതുമായിരുന്നു. നിയമനം നടത്തിയതിന്റെ ഫയൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ നിയമനം നടത്തി വേതനം നൽകുന്നതിന് ചെലവഴിച്ച തുക 190610 രൂപ തടസ്സപ്പെടുത്തുന്നു.

## 1-38 വാഹനങ്ങളുടെ ഉപയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ, 2000 പ്രകാരം നഗരസഭകളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും ചട്ടം 4 ൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

വാഹന നം. KL-50- 5093

വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല.

വാഹന നം. KL-50 F-1598

അവസാനമായി ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിരിക്കുന്നത് 13.9.18 നാണ്. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാഹന നം.- KL-50G-9370

വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല. റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വെഹിക്കിൾ ഹിസ്റ്ററി ബുക്ക്

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനത്തിന്റെ ഉപയോഗത്തിൽ കേരള മുനിസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ, 2000 പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാണ്.
2. ലോഗ്ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. കൃത്യമായ ഇടവേളകളിൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 36/2-12-21 ന് മറുപടി ലഭ്യമായില്ല.

സെക്രട്ടറി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

1-39 AUEGSന് കമ്പ്യൂട്ടർ വാങ്ങൾ -അപാകതകൾ.

അയ്യങ്കാളി തൊഴലുറപ്പ് വിഭാഗം ഓഫീസ് ആവശ്യങ്ങൾക്കായി വാങ്ങിയ സാധന സാമഗ്രിക ളുടെ വിശദവിവരം താഴെ ചേർക്കുന്നു :

A)സ്ഥാപനം : SIDCO, ഒലവക്കോട്.

Chq.no.4281/13/11/2018

ഇൻവോയ്സ് നം: പി.കെ.ഡി 18-19/111

തീയതി 26/10/2018.

| ഇനം. | അളവ് | നിരക്ക് | തുക |
|---|---|---|---|
| സ്റ്റീൽ ടേബിൾ | 5466 | 4 | 21864 |
| സ്റ്റീൽ ഫുൾ കസേര | 223 | 4 | 8892 |
| സ്റ്റീൽ കാബിനറ്റ് കബോർഡ് | 9916 | 1 | 9916 |
| ആകെ | | | 47993 |

പ്രസ്തുത സാധന സാമഗ്രികളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.(ഓഡിറ്റ് അന്വേഷണ നം.44/19-20/2.12.2021 )

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സാധന സാമഗ്രികളുടെ മൂല്യം ചേർത്ത് പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

B)സ്ഥാപനം : I – Mak Systems, പുലാമന്തോൾ.

തനത് ഫണ്ട് വൗച്ചർ നം: 21900286/24/07/2019.

ബിൽ ഇൻവോയ്സ് നം: 1117 /തീയതി: 14.11.2018.

| ഇനം. | അളവ് | നിരക്ക് | തുക |
|---|---|---|---|
| ഏസർ പി.സി. 6742/I/13-710 | 1 | 1 | 39,790 |
| എസ്.സി എസർ കാനൻ Lide 300 | 1 | 1 | 4,194 |
| പ്രിന്റർ ബ്രൊതർ | 1 | 1 | 16,015 |
| ആകെ | | | 59,999/- |

അയ്യങ്കാളി തൊഴിലുറപ്പ് ഓഫീസ് ആവശ്യങ്ങൾക്കായി ക്വട്ടേഷൻ നടപടികൾ മുഖേന ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പുലാമന്തോൾ, ഐ-മാക്ക് സിസ്റ്റംസിൽ നിന്നും പട്ടികയിലെ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.പ്രസ്തുത സാധന സാമഗ്രികളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്ററും, ടെക്നിക്കൽ എക്സമിനറുടെ സാക്ഷ്യപ്രവും, ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.25,000/- രൂപയ്ക്ക് മുകളിൽ സാധനങ്ങൾ സമാഹരിക്കുമ്പോൾ GEM മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന പാലിക്കാത്തതിനുള്ള വിശദീകരണവും ഓഡിറ്റിന് ഹാജരാക്കുവാനായി ഓഡിറ്റ് അന്വേഷണ നം.44 /19-20/2.12.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച വിശദീകരണം

നഗരസഭ വാങ്ങുന്ന എല്ലാ സാധന സാമഗ്രികളും പൊതുവായി സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ച് വരുന്നുണ്ട്.പ്രസ്തുത രജിസ്റ്റർ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.അടിയന്തിരമായി കണ്ടെത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളുടേയും സ്പെസിഫിക്കേഷൻസ് പരിശോധിച്ചതിന്റെ ടെക്നിക്കൽ എക്സ്പെർട്ടിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)ഭാവിയിൽ 25,000/- രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ GEM മുഖേന വാങ്ങേണ്ടതാ ണെന്ന നിബന്ധന പാലിക്കേണ്ടതുമാണ്.

## 1-40 കുടുംബശ്രീ - അയൽ കൂട്ടങ്ങൾക്ക് റിവോൾവിങ്ങ് ഫണ്ട് - മോണിട്ടറിങ് കാര്യക്ഷമമാക്കണം

സംസ്ഥാന ദാരിദ്ര നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.06.2019 ലെ 12166/F/16/KSHO എന്ന ഉത്തരവ് പ്രകാരം CDS താഴെ പറയുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് :

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശാനുസരണം 6 മാസം പ്രവർത്തി പരിചയമുള്ള കുടുംബശ്രീ യൂണിറ്റുകൾക്കും, ADSകൾക്കും പലിശ രഹിതമായ സബ്സിഡിയിനത്തിൽ ഉൾപ്പെടുത്തി റിവോൾവിങ്ങ് ഫണ്ടായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ :

| | | | |
|---|---|---|---|
| കുടുംബശ്രീ യൂണിറ്റുകൾ | 88 | 10,000/- | 8,80,000/- |
| ADS | 9 | 50,000/- | 4,50,000/- |
| ആകെ | | | 13,30,000/- |

CDS ന്റെ മണ്ണാർക്കാട് ബാങ്ക് ഓഫ് ബറോഡയിലെ അക്കൗണ്ട് നം.20260101005734 ലേക്ക് 13,30,000/- രൂപ കൈമാറിയിട്ടുണ്ട്.പ്രസ്തുത തുക 13/02/2020 ന് ക്രഡിറ്റ് ആയിട്ടുണ്ട്.

CDS ന്റെ C1/NULM/8844/17 നം. ഫയൽ പരിശോധനയിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു:

1)അയൽക്കൂട്ടങ്ങൾ രൂപീകൃതമായി 6 മാസത്തിന് ശേഷം റിവോൾവിങ്ങ് ഫണ്ടിനത്തിൽ തുക നൽകി വരുന്നുണ്ട്.

2)പ്രവർത്തി ആരംഭിച്ച ശേഷം വായ്പാ ലിങ്കേജ് ആയി തുക നൽകി വരുന്നുണ്ട്.

3)വായ്പാ ലിങ്കേജിൽ ഉൾപ്പെടുത്തി നൽകുന്ന റിവോൾവിങ്ങ് ഫണ്ടിന് ബാങ്ക് വഴി 4% ത്തിന് മുകളിലുള്ള പലിശ NULM ന്റെ വഴി പലിശ സബ്സിഡി ആയി തുക നൽകി വരുന്നുണ്ട്.

4)റിവോൾവിങ്ങ് ഫണ്ടും, ബാങ്ക് വായ്പയുടേയും തിരിച്ചടവ് ക്രമമാണെങ്കിൽ സംരംഭ പ്രവർത്തനങ്ങൾക്ക് പലിശ സബ്സിഡി ലഭ്യമാവുന്നതാണ്.

5)സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി EDP ക്കായി തുക നൽകി വന്നിട്ടുണ്ട്.

6)തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മൊബിലൈസേഷൻ നടത്തുവാൻ വേണ്ടി തുക അനുവദിക്കാറുണ്ട്.

7)വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് യാത്രാ ബത്ത നൽകി വരുന്നുണ്ട്.

8)തെരുവ് കച്ചവടക്കാരുടെ പുനരധിവാസത്തിനും തുക നൽകി വരുന്നുണ്ട്.

സംസ്ഥാന ദാരിദ്ര നിർമ്മാർജ്ജന മിഷന്റെ വരവ്-ചെലവ് കണക്കുകൾ :

വിജയ ബാങ്ക് - NULM 5309 (AFS പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,20,689 |

| | |
|---|---|
| വരവ് | 34,89,609 |
| ആകെ | 3,81,02,98 |
| ചെലവ് | 17,19,823 |
| നീക്കിയിരിപ്പ് | 2,09,0,475 |

മുനിസിപ്പാലിറ്റിയിലെ കണക്കുകൾ പ്രകാരം ക്രമ നം1 മുതൽ 7 വരെയുള്ള ആവശ്യങ്ങൾക്കായി ചെലവുകൾ നിർവ്വഹിച്ചതിന് ശേഷം വിനിയോഗിക്കാതെ അവശേഷിക്കുന്ന നീക്കിയിരിപ്പിന്റെ ഘടകങ്ങൾ :

| | |
|---|---|
| സാമൂഹിക സംഘാടനവും, സ്ഥാപന വികസനവും. | 10,000/- |
| നൈപുണ്യ പരിശീലനവും, നിയമനവും. | 6,600/- |
| സ്വയം തൊഴിൽ പദ്ധതി | 4,228/- |
| നഗരത്തിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതി | 11,190/- |
| കാര്യശേഷി വികസനവും, പരിശീലനവും | 63629/- |
| സ്വയം തൊഴിൽ പദ്ധതി പലിശ സബ്സിഡി | 77,666/- |
| IEC(Information Education & C | 5,000/- |
| Quit India Movement | 1,458/- |
| Bank Interest | 1,09,560/- |
| ആകെ | 2,89,331/- |

2,89,331/- രൂപ തിരുവനന്തപുരം സ്റ്റേറ്റ് നോഡൽ ഏജൻസി യുടെ 2499101014801 എന്ന അക്കൗണ്ട് നമ്പറിലേക്ക് കൈമാറിയിട്ടുണ്ട്.

കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തി നീക്കിയിരിപ്പും, മോണിറ്ററിംഗ് രേഖകളുടെ വിശദാംശങ്ങളും ഓഡിറ്റിന് സമർപ്പിക്കുവാൻ ഓഡിറ്റ് അന്വേഷണ നം.31/19-20/1.12.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

മോണിറ്ററിംഗ് രേഖകൾ മറുപടി സഹിതം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശം

1)AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി, റിവോൾവിങ്ങ് ഫണ്ട് ചെലവിനങ്ങളുടെ മോണിറ്ററിംഗ് രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2)റിവോൾവിംഗ് ഫണ്ട് വിനിയോഗിച്ച് സംരംഭം ആരംഭിച്ച് ഓരോ വർഷവും ബാങ്ക് വായ്പയും, റിവോൾവിംഗ് ഫണ്ടും ക്രമമായി തിരിച്ചടച്ചാൽ പലിശ സബ്സിഡി സംരംഭകർക്ക് ലഭിക്കുന്നതാണ്.പലിശ സബ്സിഡി ലഭ്യമാക്കുവാൻ പ്രസ്തുത വ്യവസ്ഥ പാലിക്കേണ്ടതാണ്.

1-41 ധനവിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0009/19-20 |
| പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 156250/- വികസന ഫണ്ട്(പൊതു വിഭാഗം)<br>156,250/-, സംസ്ഥാനാവിഷ്കൃത പരിപാടി |

| | |
|---|---|
| | 312500/-ഗുണഭോക്തൃ വിഹിതം |
| ബിൽ നം./തീയതി | ചെലവ് |
| 4/19-20 /13/03/2020<br>11/19-20 /22/10/2019 | 87500/-<br>68750/- |
| ആകെ - | 1,56,250/- |

കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 7990127000000 അക്കൗണ്ട് നമ്പറിലേക്ക് IFSC മുഖേന 1,56,250/- രൂപ കൈമാറിയിട്ടുണ്ട്.ആയതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുവാൻ 29.11.2021ലെ അന്വേഷണ നം.7 പ്രകാരം ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

പ്രൊജക്റ്റ് കാലാവധി കഴിയുന്ന മുറയ്ക്ക് ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-42 തനത് ഫണ്ട് പ്രൊജക്ടുകൾ -ഫണ്ട് ലഭ്യത ഉറപ്പാക്കിയിട്ടില്ല

തൻ വർഷം തനത ഫണ്ട് പ്രൊജക്ട് അംഗീകാരം ലഭ്യമാക്കി നിർവ്വഹണം നടത്തിയതിൻെറ വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 0 | 1 | 5000 | 0 | 0% |
| വെറ്റിനറി സർജ്ജൻ | 0 | 0 | 0 | 0 | 0 | 0 |
| MO (PHC) | 4 | 1 | 3 | 771600 | 438647 | % |
| MO (AYUR) | 0 | 0 | 0 | 0 | 0 | 0% |
| പ്രൊജക്ട് ഓഫീസർ | 7 | 1 | 6 | 1636050 | 1187500 | 72% |
| ICDS | 0 | 0 | 0 | 0 | 0 | 0% |
| സെക്രട്ടറി | 10 | 2 | 8 | 1305550 | 215300 | 16% |
| മുനി.എൻജിനിയർ | 197 | 81 | 116 | 41777399 | 16039916 | 38% |
| ഹെഡ് മാസ്റ്റർ | 5 | 2 | 3 | 719020 | 264128 | 36% |
| ഹെൽത്ത് ഓഫീസർ | 7 | 4 | 3 | 391495 | 0 | 0% |
| ആകെ | 231 | 91 | 140 | 46823114 | 18145491 | 39% |

തൻവർഷ വാർഷിക കണക്ക് പരിശോധിച്ചതിൽ മുന്നിരിപ്പ് ഉൾപ്പടെ ലഭ്യമായ തനത് ഫണ്ട് വരവ് വിവരം താഴെപ്പറയും പ്രകാരമാണ്

മുന്നിരിപ്പ് - 48654774

വരവ് – 22178593

ആകെ –700833367

ആകെ തനത് ഫണ്ട് വരവിൽ (7 കോടി) ജീവനക്കാരുടെ ശംബളം, മറ്റ് ആനുകൂല്യങ്ങൾ

,കൗൺസിലർമാരുടെ ഹോണറേറിയം ,യാത്ര ബത്ത ,കണ്ടിജന്റ് ചെലവിനങ്ങൾക്കുള്ള തുക ,തിരിച്ച് നൽകാനുള്ള വിവിധ ഡപ്പോസിറ്റുകൾ ,ജനറൽപർപ്പസ് ഗ്രാന്റ് എന്നിവ കുറവ് ചെയ്ത് "മിച്ച ഫണ്ടിൻെറ" നിശ്ചിത ശതമാനം മാത്രമേ തനത് ഫണ്ട് പ്രൊജക്റ്റിൻെറ രൂപീകരണത്തിന് ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ഉണ്ട്.എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല. പിരിച്ചെടുക്കാനുള്ള വിവിധ നികുതികൾ (പ്രൊപർട്ടി ടാക്സ് കുടിശ്ശിക -1.60കോടി തൊഴിൽ നികുതി കുടിശ്ശിക -7.10 ലക്ഷം ,കടമുറി വാടകകുടിശ്ശിക - 262550 രൂപ ) പിരിച്ചെടുക്കുന്നതിന്ന് ധനകാര്യ ക്ഷേമസമിതിയുടെ മോണിട്ടറിങ് കാര്യക്ഷമമാക്കിയിട്ടില്ല. ഇത്തരം അവസരത്തിൽ 4.68 കോടി രൂപയുടെ അടങ്കൽ ഉള്ള തനത് ഫണ്ട് പ്രൊജക്ടുകൾ തയ്യാറാക്കിയതിൽ 1.81 കോടി രൂപ മാത്രം ചെലവഴിക്കപ്പെട്ടത് തനത് ഫണ്ടിൻെറ അപര്യാപ്തത മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.സർക്കാർ നിർദ്ധേശങ്ങളുടെ അടിസ്ഥാനത്തിൽ തനത് ഫണ്ട് പ്രൊജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം :30/19-20 /30.11.21 )

### 1-43 റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്യാതെ തുക അനുവദിച്ചു

മുനിസിപ്പൽ എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 250 രൂപയും +18% GST 45 രൂപയും ഉൾപ്പടെ @295/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക് 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത് )വിശദവിവരത്തിന് ഖണ്ഡിക 3(1) കാണുക

### 1-44 മുനിസിപ്പൽ എൻജിനിയർ -രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

മുനിസിപ്പൽ എൻജിനിയർ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധിച്ചതിൽ പൊതുവായി എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാതിരിക്കുകയും സൂക്ഷിക്കുന്ന രജിസ്റ്ററുകൾ പലതും അപൂർണ്ണമായിട്ടാണെന്നും കാണുന്നു.പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു

- എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല
- എം ബുക്കിൽ Form (21) ഇല്ല
- എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ ഇല്ല
- ടെൻണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ ഇല്ല. ഫോറം വില അടവാക്കിയ വിവരം ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല
- എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി ഇല്ല
- റോഡ് കണക്ടിവിറ്റി രജിസ്റ്റർ ഇല്ല
- റോഡ് വർക്കിൽ "ചെയ്നേജ് " രേഖപ്പെടുത്തിയിട്ടില്ല
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
- റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും മാപ്പും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- 250000രൂപയിൽ കുറവുള്ള പ്രവർത്തികളിൽ നിന്നും TDS ഈടാക്കി വരുന്നു.

- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.
- കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിൽ തീയതി രേഖപ്പെടുത്തുന്നില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പ്രവർത്തിപൂർത്തീകരണ തീയ്യതി ദീർഘിപ്പിച്ച നൽകുന്ന സംഗതിയിൽ സപ്ലിമെൻററി എഗ്രിമെന്റ് ,മുനിസിപ്പാലിറ്റി തീരുമാനം എന്നിവ ഇല്ല.
- ടാർ പ്രവർത്തികളിൽ ടാർ ബാരൽ വിലയും ജി.എസ്.റ്റിയും ഈടാക്കിയിട്ടില്ല

1-40- 1 :പദ്ധതി അവലോകനം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| മുനിപ്പൽ എൻജിനിയർ | 299 | 113 | 186 | 68724483 | 21508048 | 37% |

തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയ (സ്പിൽ ഓവർ ഉൾപ്പെടെ ) 299 പ്രൊജക്ടിൽ 113 എണ്ണം മാത്രമാണ് പൂർത്തീകകിച്ചിട്ടുള്ളത് (37%).ആകെ അടങ്കൽ 68724483 രൂപയിൽ 21508048 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (31% ). പൂർണ്ണ തോതിൽ പ്രൊജക്ട് പൂർത്തീകരണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

സർക്കാർ ഗ്രാൻറ് വിനിയോഗ വിവരം

| ണ്ട് ഇനം | ആകെഅടങ്കൽ | ചെലവ് | ചെലവ്% |
|---|---|---|---|
| പ്ലാൻ (ജനറൽ) | 2932931 | 706836 | 24% |
| പ്ലാൻ (TSP) | 130500 | 0 | 0% |
| CFC (BASIC ) | 10326355 | 2722218 | 26% |
| റോഡ് (MG) | 9169000 | 1358457 | 15% |
| റോഡീതരം (MG) | 2672995 | 680621 | 25% |
| തനത് ഫണ്ട് | 41777399 | 16039916 | 38% |

മരാമത്ത് പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള ആകെ സർക്കാർ ഗ്രാന്റ് 2.52 കോടിയിൽ 0.54 കോടി മാത്രമാണ് .ആകെ ചെലവഴിക്കപ്പെട്ടിട്ടുള്ളത്. 1.98 കോടി ലാപ്സാക്കി.സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

1-45 അഗതി രഹിത കേരളം - കിറ്റ് വിതരണം- ടി.ഡി.എസ്. അടവാക്കിയിട്ടില്ല

മണ്ണാർക്കാട് നഗരസഭയിലെ അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും ഭക്ഷ്യ കിറ്റുകൾ വാങ്ങിയ വകയിൽ വിവിധ ബില്ലുകളിലൂടെ നല്കിയ തുകകളുടെ വിശദവിവരങ്ങൾ :

| ഇൻവോയ്സ് നം. | തീയതി | ഗ്രോസ്സ് തുക |
|---|---|---|
| 350/6/3902 | 15.10.2019 | 211710.32 |
| 350/6/2004 | 31.09.2019 | 197720.12 |
| 350/6/3591 | 18.09.2019 | 200925.5 |
| 350/6/4393 | 26.11.2019 | 200113.64 |
| 350/6/4659 | 16.12.2019 | 200846.26 |
| 350/6/5674 | 07.01.2019 | 198298.96 |

| | | |
|---|---|---|
| 350/6/6211 | 10.02.2020 | 198310.72 |
| ആകെ | | 1407925.52 |

CGST ACT 2017 ലെ വകുപ്പ്51 (1) പ്രകാരവും സർക്കുലർ ഉത്തരവ് (പി) 162/2018/ധനം തീയതി 22/10/2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകളിൽ 2% G.S.T. - TDS ഈടാക്കി അടവാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

K.S.C.C.F ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും ഭക്ഷ്യ കിറ്റുകൾ വാങ്ങിയ വകയിൽ നല്കിയ 1407925.52 രൂപയുടെ 2% TDS ആയ 28,158.51 രൂപ ഈടാക്കി അടവാക്കിയതായി കാണുന്നില്ല.

TDS ഈടാക്കി അടവാക്കാത്തതിന് ഓഡിറ്റ് അന്വേഷണ നം.6/19-20/27.11.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കുകയുണ്ടായില്ല.2.5 രൂപയിൽ അധികരിച്ചുള്ള പർച്ചേസ് ബില്ലുകളിന്മേൽ (GST ഉൾപ്പെടുന്ന സാധനങ്ങളുടെ ) TDS ഈടാക്കി അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഓഡിറ്റ് നിർദ്ദേശം

GST വകുപ്പിന്റെ 14.09.2018 ലെ സർക്കുലറിലെ നിർദ്ദേശ പ്രകാരം TDS (GST ഉൾപ്പെടുന്ന സാധനങ്ങളുടെ )ആയി ഈടാക്കി അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-46 വെറ്റിനറിസർജ്ജൻ -ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കൽ - ക്രമ പ്രകാരമല്ല.

വെറ്ററനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | SOO10/19-20 |
| പേര് | പശു വളർത്തൽ (ജനറൽ) |
| അടങ്കൽ | 5,80,000/- (വികസന ഫണ്ട്)<br>ഗുണഭോക്തൃ വിഹിതം 5,80,000/-<br>ആകെ - 11,60,000/- |
| ബിൽ നം. / തീയതി | ചെലവ് |
| 3/19-20/25/02/2020 | 1,20,000/- |
| 6/19-20/27/02/2020 | 40,000/- |
| ആകെ | 1,60,000/- |

I)ഓഡിറ്റ് നിരീക്ഷണം

1)8 ഗുണഭോക്താക്കൾക്ക് ഒരു പശുവിന് 20,000/- രൂപ എന്ന നിരക്കിൽ 1,60,000 രൂപ വെറ്ററനറി സർജൻ ഗുണഭോക്താക്കൾക്ക് ഉരുക്കളെ വിറ്റ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.

ബിൽ നം.തീയതി 3/19-20/25/02/2020 പ്രകാരം ട്രഷറി ബില്ലിൽ ഒരു പശുവിന് 20,000/- രൂപ സാലി ജോർജ്ജിന്റെ 10621275670 എന്ന അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്.ഫയലിൽ "മണ്ണാർക്കാട് ശശികുമാർ ചെറുക്കോട്ടുകുളം" എന്ന വ്യക്തിക്കാണ് തുക കൈമാറിയതായി കാണിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദകരണം

